മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 12 THE ONLINE OFFICIAL NEWS BULLETIN 2026 March 19

SEASON OF THE GREAT LENT ❦ വലിയ നോമ്പുകാലം ❦ ܙܒܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
22	Ushane (Osana) Monday 23	Ushane (Osana) Tuesday 24	Ushane (Osana) Wednesday 25	Ushane (Osana) Thursday 26	40th Day of Great Lent 27	Lazarus' Saturday 28
6 Samyo (Blind Man) 6th Sunday of Great Lent Catholicate Day	2	6	4 Suboro Annunciation to St. Mary 297th Mem. of Mar Thoma IV (Kandanad St. Mary's)	6	2 ✝ erubto d-arbin	6 Nuhome d l'ozar Comme. of St. Lazar of Bethany



പാലാ ബിഷപ്പ് ഹൗസ് ആതിഥേയത്വം വഹിച്ച നസ്രാണി സമുദായ ഐക്യയോഗം പരിശുദ്ധ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു



പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ യാത്രയയപ്പ് സമ്മേളനം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ പ്രൊഫ. ഡോ. സിന്ധു ജോൺസ് സമീപം.



ആർദ്ര ചാരിറ്റബിൾ സൊസൈറ്റിക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ആംബുലൻസ് കൈമാറി. ആർദ്രയുടെ 25-ാം വാർഷികത്തിന്റെ ഭാഗമായുള്ള പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് എസ്.ബി.ഐ. സി.എസ്.ആർ. ഫണ്ടിൽ നിന്ന് ആംബുലൻസ് അനുവദിച്ചത്. ആംബുലൻസിന്റെ ഫ്ളാഗ് ഓഫ് കർമ്മം സഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന ചടങ്ങിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, എസ്.ബി.ഐ ഡി.ജി.എം. മനോജ് കുമാർ പത്ര എന്നിവർ ചേർന്ന് നിർവഹിച്ചു.



ജോർജിയൻ കാതോലിക്കാ ഇലിയ രണ്ടാമൻ കാലം ചെയ്തു

ടിബിലിസ്: ജോർജിയൻ ഓർത്തഡോക്സ് സഭയുടെ തല വൻ ഇലിയ രണ്ടാമൻ കാതോലിക്കോസ് (93) കാലം ചെയ്തു. കബറടക്കം 22-നു. 1977 ഡിസംബർ 25-നു സ്ഥാനാരോഹണം ചെയ്ത അദ്ദേഹമാണ് സഭയെ ഏറ്റവും കൂടുതൽ കാലം (48 വർഷം) നയിച്ചത്. 1982 സെപ്റ്റംബറിൽ കാതോലിക്കേറ്റ് സപ്തതി ആഘോഷത്തിന്റെ മുഖ്യാതിഥി യായി മലങ്കരസഭ സന്ദർശിച്ചിരുന്നു.

സോവിയറ്റ് ഭരണത്തിൽ തകർന്ന സഭയുടെ പുനരുജ്ജീവനത്തിൽ നിർണായക പങ്ക് വഹിച്ചു. 1991-ൽ സോവിയറ്റ് യൂണിയൻ ശിഥിലമായതോടെ ജോർജിയയിൽ സഭ കരുത്താർജിച്ചു. 2008-ലെ ഒരു അഭിപ്രായ സർവേ അനുസരിച്ച് ജോർജിയയിലെ ഏറ്റവും വിശ്വസിക്കാവുന്ന വ്യക്തി ഇലിയ കാതോലിക്കോസായിരുന്നു. ജോർജിയയിലെ ജനങ്ങളിൽ 85% ബൈസന്റിയൻ സഭാ കുടുംബത്തിൽപെടുന്ന ജോർജിയൻ ഓർത്തഡോക്സ് സഭാംഗങ്ങളാണ്.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ റൂൾ കമ്മിറ്റി അഭിവന്ദ്യ സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ സഭാ ആസ്ഥാനത്ത് ചേർന്നു. സഭാ സ്ഥാനികൾ, മാനേജിംഗ് കമ്മിറ്റിയിൽ നിന്നുള്ള സമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Condolence Message from HH Mathews III

His Holiness Baselios Marthoma Mathews III, Catholicos of the East and Malankara Metropolitan, expresses his heartfelt condolences to the Holy Synod, clergy, and faithful of the Georgian Orthodox Church on the passing of His Holiness Ilia II, Catholicos-Patriarch of All Georgia.

His Holiness Catholicos Ilia II's long and distinguished primatial ministry stands as a powerful witness to faith, pastoral leadership, and unwavering dedication to the life of the Church. He was widely respected for his significant contributions to ecumenical dialogue and for strengthening the bonds between the ancient apostolic Churches.

The Malankara Orthodox Syrian Church remembers with deep gratitude the historic visit of His Holiness to India in 1982, during which he honored Baselios Marthoma Mathews I with the Order of St. George, the highest honor of the Georgian Church, and blessed the Malankara Church by serving as the chief guest at the 70th anniversary celebrations of the re-establishment of the Catholicate in Malankara.

At this time of mourning, The Malankara Orthodox Syrian Church stands in prayerful solidarity with the Georgian Orthodox Church. May our Lord grant eternal rest to His faithful servant and bring comfort to the faithful of the Georgian Church.

Memory Eternal.



ജോർജിയൻ ഓർത്തഡോക്സ് സഭയുടെ ആത്മീയ നവോത്ഥാനത്തിന്റെ ആൾരൂപമായിരുന്ന പാത്രിയർകീസ് ഇലിയ രണ്ടാമൻ

കാലം ചെയ്ത പരിശുദ്ധ ഇലിയാ രണ്ടാമൻ പാത്രിയാർകീസ് ബാവ ആധുനിക കാലത്തെ ഓർത്തഡോക്സ് സഭാ പിതാക്കന്മാരിൽ ഏറ്റവും ശ്രദ്ധേയനായ വ്യക്തിത്വങ്ങളിൽ ഒരാളാണ്. 1977 മുതൽ ജോർജിയയിലെ കാതോലിക്കോസ്-പാത്രിയർക്കീസായി സേവനമനുഷ്ഠിക്കുന്ന അദ്ദേഹം, സോവിയറ്റ് കാലഘട്ടത്തിന്റെ തിരശീല വീഴുന്നതും, അതിന്റെ തകർച്ചയും, തുടർന്ന് ജോർജിയയുടെ സാമൂഹ്യവും ആധ്യാത്മീകവുമായ നവോത്ഥാനങ്ങൾ ഉൾക്കൊള്ളുന്ന ചരിത്രഘട്ടങ്ങളെ നേരിട്ടനുഭവിക്കുകയും, അവയിൽ ശ്രദ്ധേയമായ സ്വാധീനം ചെലുത്തുകയും ചെയ്ത വ്യക്തിയാണ്. പുരാതന വംശപരമ്പരയായ ഷിയോലാഷ്വിലി (Shiolashvili) കുടുംബത്തിലാണ് ജനിച്ചെങ്കിലും പീഡനങ്ങളുടെ പശ്ചാത്തലത്തിൽ വളർന്ന ഇലിയാ രണ്ടാമൻ, ജോർജിയൻ ഓർത്തഡോക്സ് സഭയുടെ ആത്മീയ, സാംസ്കാരിക, പുനരുജ്ജീവനത്തിന്റെ കേന്ദ്ര ശക്തിയായി മാറി.

ഇറാക്ലി എന്നായിരുന്നു അദ്ദേഹത്തിന്റെ ബാല്യനാമം. ജോർജിയൻ രാജാവായിരുന്ന എരേക്ക്ലി രണ്ടാമനെ (King Erekle II) അനുസ്മരിച്ചാണ് അദ്ദേഹത്തിന്റെ മാതാപിതാക്കൾ അദ്ദേഹത്തിന് ആ പേര് നൽകിയിരിക്കുന്നത്. അദ്ദേഹത്തിന്റെ കുടുംബം കാതോലിക്കോസ്-പാത്രിയർക്കീസ് കല്ലിസ്ത്രാതുമായും (H.H Kallistrat) അടുത്ത ബന്ധം പുലർത്തിയിരുന്നതും സോവിയറ്റ് പീഡന കാലത്ത് പുരോഹിതർ അവരുടെ വീട്ടിൽ അഭയം തേടിയിരുന്നതുമെല്ലാം ബാല്യത്തിലെ തന്നെയുള്ള ആത്മീയ രൂപീകരണത്തിൽ നിർണായകമായി.

മോസ്കോ തിയോളജിക്കൽ അക്കാദമിയിൽ നിന്ന് വൈദികവിദ്യാഭ്യാസം പൂർത്തിയാക്കിയ ഇറാക്ലി 1957 ഏപ്രിൽ 16-ന്, റഷ്യൻ പാത്രിയാർക്ക് അലക്സി ഒന്നാമനും (Patriarch Alexei I of Moscow), കാതോലിക്കോസ്-പാത്രിയർക്കീസ് മൽകിസെദെക് മൂന്നാമനും (Catholicos-Patriarch Melchizedek III of Georgia) നൽകിയ അനുഗ്രഹത്തോടെ, സന്യാസവ്രതം സ്വീകരിച്ചു. അതേത്തുടർന്ന് ഏലിയാ പ്രവാചകനെ സ്മരിച്ചുകൊണ്ട് "ഇലിയാ" എന്ന നാമവും അദ്ദേഹം സ്വീകരിച്ചു. 1960-ൽ മൗണ്ട് അതോസിലെ ഐബീരിയൻ മഠത്തിന്റെ ചരിത്രം (Iberian Monastery on Mount Athos) എന്ന വിഷയത്തിൽ പ്രബന്ധം സമർപ്പിച്ച് ദൈവശാസ്ത്ര ബിരുദം നേടി.

1963-ൽ അദ്ദേഹം ബതുമി-ഷെമോക്മെദി (Batumi and Shemokmedi) മെത്രാസനത്തിന്റെ മെത്രാപ്പോലീത്തായായി അഭിഷിക്തനായി. മത്സ്ഖേതയിലെ സെമിനാരി (Mtskheta Theological Seminary) പുനരുജ്ജീവിപ്പിക്കുന്നതിൽ അദ്ദേഹം പ്രധാന പങ്കുവഹിച്ചു.

1964-ലെ റോഡ്സ് പാൻ-ഓർത്തഡോക്സ് സമ്മേളനത്തിൽ (Pan-Orthodox Conference Rhodes) ജോർജിയയുടെ സ്വയംഭരണാവകാശത്തിനായി അദ്ദേഹം ശക്തമായി വാദിച്ചു.

1967-ൽ സുഖുമി-അബ്ഖാസിയ (Sukhumi and Abkhazia) മെത്രാസനത്തിന്റെ മെത്രാപ്പോലീത്തായായി അദ്ദേഹം നിയമിതനായി. പല അന്താരാഷ്ട്ര വേദികളിലും ലോകസമാധാനം, മനുഷ്യാവകാശം തുടങ്ങിയ വിഷയങ്ങളിൽ അദ്ദേഹം പ്രഭാഷണം നടത്തി. 1977 ഡിസംബർ 23-ന് ജോർജിയയുടെ കാതോലിക്കോസ്-പാത്രിയാർക്കീസായിരുന്ന ദാവീദ് അഞ്ചാമൻ കാലം ചെയ്തതിനെ തുടർന്നാണ് തൽസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. ഡിസംബർ 25-നു അദ്ദേഹം അഭിഷിക്തനായി.

ജോർജിയൻ സഭയുടെ അമരത്തേക്ക് അദ്ദേഹം നടന്നടുക്കുമ്പോൾ ആ സഭയുടെ അന്നത്തെ സ്ഥിതി ഏറെ പരിതാപകരമായിരുന്നു; വളരെ കുറച്ച് ദേവാലയങ്ങളും കുറച്ചു പുരോഹിതരുമുണ്ടായിരുന്ന സഭയിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വലിയ മാറ്റങ്ങൾ നടന്നു. അനേകം ദേവാലയങ്ങളും മഠങ്ങളും

പുനരുദ്ധരിച്ചു, ആദ്ധ്യാത്മീക വിദ്യാഭ്യാസത്തിനു ഊന്നൽ നൽകുകയും അതു വഴി അനേകം യുവാക്കളെ സഭയിലേക്ക് ആകർഷിച്ചു, പുരോഹിതന്മാരുടെ എണ്ണം വർധിപ്പിക്കുവാനും ഇടയായി. നവാഭിഷിക്തനായ കാതോലിക്കോസ് -പാത്രിയാർക്കീസിന്റെ ഉത്സാഹത്തിൽ 1988ൽ തിബിലിസി വേദശാസ്ത്ര അക്കാദമി (Tbilisi Theological Academy) സ്ഥാപിച്ചു. സഭയുടെ വളർച്ചയിൽ ഏറെ സ്വാധീനം ചെലുത്തിയ നീക്കമായിരുന്നു ആധുനിക ജോർജിയൻ ഭാഷയിൽ വേദപുസ്തകം പ്രസിദ്ധീകരണം നടത്തുവാൻ അദ്ദേഹം തീരുമാനിച്ചത്.

1989-ൽ ജോർജിയയുടെ സ്വാതന്ത്ര്യ പോരാട്ടങ്ങൾ കനക്കുന്ന കാലമായിരുന്നു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ജനങ്ങളിൽ അനേകംപേർ സൈനിക ആക്രമണത്തിൽ കൊല്ലപ്പെട്ടു. ഇത് സഭയിലെ ജനങ്ങളെ മാനസികമായി മുറിവേൽപ്പിച്ചു. ഈ സംഭവത്തിനു ശേഷം അദ്ദേഹം ജനങ്ങളെ ആശ്വസിപ്പിക്കുവാനും ആത്മീയമായി സഭയിലെ ആടുകളെ ശക്തിപ്പെടുത്തുകയും ചെയ്തു.

ജോർജിയയിലെ ആഭ്യന്തര സംഘർഷങ്ങൾ മൂലം നടന്ന സിവിൽ യുദ്ധ കാലത്തു (19911993) അദ്ദേഹം ശാന്തിയും സമവായവും പ്രബോധിപ്പിച്ചുകൊണ്ട് അനേകം ഇടപെടലുകൾ നടത്തി.

ജോർജിയൻ ഓർത്തഡോക്ൾസ് സഭയുടെ സുന്നഹദോസ് തീരുമാനത്തെ തുടർന്ന്, 1997-ൽ ആ സഭ ഒന്നടങ്കം വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് WCC യിൽ നിന്ന് പിന്മാറിയതും ചരിത്രത്തിന്റെ ഭാഗമാണ്. WCC യുടെ പ്രസിഡന്റ് ആയിരുന്ന ഇലിയാ രണ്ടാമന്റെയും അദ്ദേഹത്തിന്റെ സഭയുടെയും പിന്മാറ്റം അക്കാലത്തു ക്രൈസ്തവലോകത്തു വലിയ വാർത്താപ്രാധാന്യമുള്ള ചർച്ചയായിരുന്നു. സഭൈക്യപ്രസ്ഥാനത്തിൽ നിലനിൽക്കുന്ന വേദവിപരീതം (Ecumenical heresy) അംഗീകരിക്കാൻ സാധിക്കില്ല എന്ന തന്റെ പ്രതികരണം ഏറെ മാധ്യമശ്രദ്ധയും ആകർഷിച്ചിരുന്നു.

ശാസ്ത്രമേഖലയിൽ അദ്ദേഹത്തിന്റെ പാണ്ഡിത്യവും പ്രഭാഷണവപാടവവും കണക്കിലെടുത്തുകൊണ്ട് ഡചചരയുടെ ണീൃഹറ കിളീ്യാമശേീ ടരശ ലിരല അരമറലാ്യ അംഗത്വം അദ്ദേഹത്തിന് ലഭിച്ചു.

ജോർജിയയിലെ തിബിലിസിയിലെ സമേബ കത്തീഡ്രൽ പുനർ നിർമ്മിക്കാൻ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ നടത്തിയ ശ്രമങ്ങൾ അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടു. 1995-ൽ ആരംഭിച്ച നിർമാണം 2004-ലാണ് പര്യവസാനിക്കുന്നത്. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ഓർത്തഡോക്സ് കത്തീഡ്രലുകളിൽ ഒന്നാണ് സമേബ കത്തീഡ്രൽ. 1990-ൽ കുസ്തന്തീനോപൊലീസിലെ എക്കുമെനിക്കൽ പാത്രിയാർകീസ് ജോർജിയൻ സഭയുടെ സ്വയംഭരണം (autocephaly) ഔദ്യോഗികമായി അംഗീകരിച്ചത് ആ സഭയുടെ മുഖച്ഛായ തന്നെ മാറ്റി.

1982-ൽ കോട്ടയത്ത് വച്ച് നടന്ന മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 70-ാം വാർഷിക (സപ്തതി) ആഘോഷങ്ങളുമായി ബന്ധപ്പെട്ട് നടത്തപ്പെട്ട സമ്മേളനത്തിന്റെ മുഖ്യ അഥിതിയായി സംബന്ധിച്ചത് ഇലിയാ രണ്ടാമൻ പാത്രിയാർക്കീസാണ്. തദവസരത്തിൽ മലങ്കരസഭയുടെ പ്രധാന മേലധ്യക്ഷനായിരുന്ന ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായെ ജോർജിയൻ സഭയുടെ പരമോന്നത ബഹുമതിയായ “ഓർഡർ ഓഫ് സെന്റ് ജോർജ്” നൽകി ആദരിച്ചത് മലങ്കര സഭയുടെ ജോർജിയൻ സഭയുമായുള്ള ബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന നാഴികക്കല്ലായി മാറി. മലങ്കരസഭയുടെ ഭരണസിരാകേന്ദ്രമായ ദേവലോകം കാതോലിക്കേറ്റ് അരമനയുടെ നിലവിലെ കെട്ടിടം ഉദ്ഘാടനം ചെയ്തതും ഇലിയാ രണ്ടാമൻ പാത്രിയർക്കീസ് ആണ്.

2002 ഒക്ടോബർ 14-നു പ്രസിഡന്റ് ഷെവർനാഡ്സെയും പാത്രിയാർക്കീസ് ഇലിയാ രണ്ടാമനും തമ്മിൽ ചരിത്രപരമായ ഒരു ധാരണാപത്രം (Concordat) ഒപ്പുവച്ചു. ഇതിലൂടെ ജോർജിയൻ ഓർത്തോഡോക്സ് സഭയ്ക്ക് ജോർജിയയിലെ ഔദ്യോഗീക സഭ എന്ന നിയമസ്ഥാനം ലഭിക്കുകയും പാത്രിയാർക്കിന് നിയമപരമായ സംരക്ഷണം (immunity) ലഭിക്കുകയും ചെയ്തു. സോവിയറ്റ് ഭരണകാലത്തിനു ശേഷം സ്വാതന്ത്ര്യാനന്തര വികസനം ആ രാജ്യത്തിനു നൽകുവാൻ ഇലിയാ രണ്ടാമനു സാധിച്ചു എന്നത് പ്രസ്താവ്യമാണ്. യുദ്ധപശ്ചാത്തലത്തിൽ തകർക്കപ്പെട്ട നൂറുകണക്കിന് ദേവാലയങ്ങൾ പുനർനിർമ്മിച്ചതു ജോർജിയൻ സഭക്ക് പുതുജീവൻ നൽകി. അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചത് വഴി ദിശാബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ അദ്ദേഹത്തന്റെ മേൽനോട്ടം കൊണ്ട് സാധിച്ചു. സഭയുടെ നേതൃത്വത്തിൽ സാമൂഹിക സേവനങ്ങൾ വ്യാപിപ്പിച്ചത് പൊതുസമൂഹത്തിലും അന്താരാഷ്ട്രതലത്തിലും



CATHOLICOS-PATRIARCH
OF ALL GEORGIA

Translation

N 60
August 30, 1982.

His Holiness,
BASELIUS MAR THOMA MATHEWS I,
Malankara Metropolitan,
Catholicos-Patriarch of the East

His Holiness, BASELIUS MAR THOMA MATHEWS I, Malankara Metropolitan, Catholicos-Patriarch of the East, be decorated by the Order of St.George of the First Degree, for promoting and strengthening the fraternal ties between Georgian and Indian Churches.

ILIA II
Catholicos-Patriarch
of All Georgia

ORDER OF ST GEORGE

MALANKARA ORTHODOX SYRIAN CHURCH
PUBLIC RELATIONS DEPARTMENT

ശ്രദ്ധിക്കപ്പെട്ടു.

2008-ൽ അദ്ദേഹത്തിന്റെ ആശയമായിരുന്ന 'സമൂഹ മാമോദീസ', ജോർജിയൻ സഭയുടെ വിശ്വാസജീവിതവും, കുടുംബജീവിതവും ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പ്രധാന ചുവടുവെയ്പ്പായി മാറി. ത്ബിലിസിയിലെ ഹോളി ട്രിനിറ്റി കത്തീഡ്രലിൽ നടക്കുന്ന ഈ ചടങ്ങുകളിൽ, ആയിരക്കണക്കിന് കുട്ടികളെ അദ്ദേഹം നേരിട്ട് മാമോദീസ നൽകി അവരുടെ തലതൊട്ടപ്പൻ ആവുകയായിരുന്നു. സോവിയറ്റ് അനന്തര കാലഘട്ടത്തിലെ പശ്ചാത്തലത്തിൽ ജോർജിയൻ സഭയിലെ ജനസംഖ്യ കുത്തനെ കുറയുന്ന സാഹചര്യങ്ങളെ നേരിടുന്നതിനായി കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കാനായിരുന്നു ഈ ആശയത്തിന്റെ ലക്ഷ്യം. ഇത്തരത്തിൽ 35,000-ത്തിലധികം കുട്ടികൾ അദ്ദേഹത്തിലൂടെ മാമോദിസായേറ്റ്, തന്റെ ആത്മീയമക്കളായതിലൂടെ, ജോർജിയൻ ജനതക്ക് അദ്ദേഹത്തോടുള്ള വിശ്വാസവും ആദരവുമെത്രമാത്രം ആഴത്തിലുള്ളതാണെന്ന് വ്യക്തമാക്കുന്നു.

സഭയെ പീഡനാവസ്ഥയിൽ നിന്ന് മോചിപ്പിച്ചു ശക്തമായ ദേശീയ സഭയാക്കി മാറ്റിയതുവഴി അദ്ദേഹം ആധുനിക ജോർജിയയുടെ ആത്മീയ പിതാവായി കണക്കാക്കപ്പെടുന്നു. ഇലിയാ രണ്ടാമന്റെ ജീവിതത്തിന്റെയും, വിശ്വാസത്തിന്റെ സ്ഥിരതയുടെയും ഫലമാണ് ആ സഭയുടെ പുനരുജ്ജീവനവും, ദേശീയ നവോത്ഥാനവും. അദ്ദേഹത്തിന്റെ ജീവിതം ജോർജിയൻ സഭയെയും ആ രാജ്യത്തെയും എക്കാലവും ഏറെ ആഴത്തിൽ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ ആത്മാവ് നീതിമാന്മാരുടെ പക്കൽ വിശ്രമം കണ്ടെത്തട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

- ഒ.സി.പി. ന്യൂസ് സർവ്വീസ്

ചരിത്രരേഖകൾ

സഭാക്കേസിലെ പരാജയവും വൻ സ്വീകരണവും (1951)



21-12-1951. കൽക്കട്ടാ. രാവിലെ 7.40-നു ഇവിടെ ഹൗറാ സ്റ്റേഷനിൽ എത്തി. ഇവിടെയുള്ള നമ്മുടെ പല ആളുകളും, വികാരിയും, ശെമ്മാശന്മാരും റെയിൽവേ സ്റ്റേഷനിൽ നമ്മെ വന്നു ഹാരമണിയിച്ചു സ്വീകരിച്ചു. അവിടെ നിന്നും പള്ളിയിൽ പോയി ലുത്തിനിയാ കഴിഞ്ഞശേഷം ഇവിടെ എത്തി ബിഷപ്സ് കോളജിൽ താമസിക്കുന്നു. നമ്മുടെ ജോൺ മത്തായി ആണ് ഈ പള്ളിയിലെ ഈ വർഷത്തെ സെക്രട്ടറി. നമ്മുടെ ആളുകൾ എല്ലായ്പ്പോഴും വന്നും പോയും ഇരിക്കുന്നുണ്ട്. ജോഷ്വാ ശെമ്മാശനും, ഉമ്മൻ ശെമ്മാശനും, ജോർജ് ശെമ്മാശനും ഇവിടെ ഉണ്ട്. ഗബ്രിയേൽ ശെമ്മാശൻ ഇവിടെ വന്നിരുന്നു.

ആറു മണിക്ക് സിറിയൻ ക്രിസ്ത്യൻ അസോസിയേഷൻ ഹോസ്റ്റൽ വകയായി ഒരു മീറ്റിംഗ് കൂടി. ഹോസ്റ്റലിന്റെ വാർഡൻ ജോർജ് ശെമ്മാശനാണ്. മീറ്റിംഗിൽ മുപ്പതോളം ആളുകൾ സംബന്ധിച്ചു. നാമും മെത്രാച്ചനും അവരോട് ഗുണദോഷരൂപേണ ഓരോ പ്രസംഗം ചെയ്തു.

ഇന്ന് നമ്മുടെ സമുദായക്കേസ് നമുക്ക് ദോഷമായി വിധിച്ചെന്നു കോട്ടയത്തു നിന്നു മാനേജരച്ചന്റെ കമ്പി വന്നു. നമ്മുടെ ആളുകൾക്കു ഇതു മൂലം യാതൊരു നിരാശയും കാണുന്നില്ല. എല്ലാവർക്കും ഊർജ്ജിതവും വാശിയും ഉത്സാഹവും വർദ്ധിച്ചിട്ടുണ്ട്. പല ആളുകളും സന്ധ്യയോടുകൂടി വന്നിരുന്നു.

22-12-1951. കൽക്കട്ടാ. രാവിലെ നാമും മെത്രാച്ചനും കൂടി ഓക്സ്ഫോർഡ് മിഷൻകാരുടെ ആശ്രമം സന്ദർശിച്ചു. അവിടെ രോഗിയായി കിടന്നിരുന്ന ഫാ. ഷോറിനെ കണ്ടു. അദ്ദേഹത്തിനും മറ്റ് അച്ചന്മാർക്കും അത്യധികം സന്തോഷമായിരുന്നു. അദ്ദേഹത്തിന്റെ തലയ്ക്കു പിടിച്ചു പ്രാർത്ഥിക്കണമെന്ന് പറഞ്ഞതനുസരിച്ചു പ്രാർത്ഥന നടത്തി. അച്ചന്മാർ ചാപ്പൽ നമ്മെ കൊണ്ടുപോയി കാണിച്ചു. ചാപ്പലിൽ വച്ച് അവർ മുട്ടുകുത്തി നമ്മിൽ നിന്നും അനുഗ്രഹം പ്രാപിച്ചു.

ഉച്ചകഴിഞ്ഞ് അർമ്മീനിയൻ അച്ചന്മാരുടെ ക്ഷണപ്രകാരം ടി പള്ളി സന്ദർശിച്ചു. അച്ചന്മാരും ശെമ്മാശന്മാരും സ്ഥാനവസ്ത്രങ്ങൾ ധരിച്ചുകൊണ്ട് പ്രത്യേകം ഗീതങ്ങൾ ചൊല്ലി നമ്മെ മദ്ബഹായിലേക്കു ആനയിച്ചു. ലുത്തിനിയാ കഴിഞ്ഞ് എല്ലാവരും കൈമുത്തി. അതിനുശേഷം ഒരു ടീ പാർട്ടിയും ഉണ്ടായിരുന്നു. ഇതിൽ ടി ഇടവക പ്രധാനികളിൽ ചിലരും സംബന്ധിച്ചു. നമ്മോടുകൂടി മെത്രാച്ചനും വികാരി സി. എ. ഏബ്രഹാം കത്തനാരും വന്നിരുന്നു. മൂന്നര മണിക്ക് അവിടെ നിന്നും സെന്റ് ജോൺസ് പള്ളി സന്ദർശിച്ചു. അവിടുത്തെ വികാരി ഫാ. ജാൻസൺ വളരെ കാര്യമായി നമ്മെ സ്വീകരിച്ച് കുശലപ്രശ്നങ്ങൾ നടത്തി. മെത്രാച്ചൻ അവിടെ നിന്നും മാർത്തോമ്മാക്കാരുടെ ക്ഷണമനുസരിച്ച് അവരുടെ സോഷ്യലിൽ സംബന്ധിപ്പാൻ പോയി. നാം ബിഷപ്പ് കോളജിലേക്കും പോന്നു. ഇന്ന് നമ്മുടെ ആളുകൾ വന്ന് നമ്മെ കണ്ടുകൊണ്ടിരുന്നു. നമ്മുടെ ജോൺ മത്തായിയും, പി. എം. ജോസഫിന്റെ മകൻ ബേബിയും, വള്ളക്കാലിലെ തമ്പിയും, എറണാകുളത്തുകാരൻ മത്തായിയും ഉമയാറ്റുകരെ അച്ചന്റെ മകൻ കുഞ്ഞച്ചനും, കൈപ്പട്ടൂർകാരൻ കൊച്ചനും വളരെ ഉത്സാഹത്തോടു കൂടി നമ്മുടെ കാര്യങ്ങൾ നോക്കുന്നുണ്ട്. ശെമ്മാശന്മാരും എപ്പോഴും വന്ന് അന്വേഷിക്കുന്നുണ്ട്.

23-12-1951. കൽക്കട്ടാ. രാവിലെ സെന്റ് ജെയിംസ് പള്ളിയിൽ എത്തി വി. കുർബ്ബാന അർപ്പിച്ചു. മെത്രാച്ചൻ കുർബ്ബാനമദ്ധ്യേ പ്രസംഗം ചെയ്തു. വളരെ ആളുകൾ കൂടിയിരുന്നു. അർമ്മീനിയൻ അച്ചന്മാർ വന്ന് കാപ്പ ധരിച്ചുകൊണ്ട് മദ്ബഹായിൽ നിന്ന് കുർബ്ബാന കാണുകയുണ്ടായി. അവരുടെ ഇടവകയിൽ നിന്നും പലരും, മാർത്തോമ്മാക്കാരും സി.എം.എസ്. കാരും മറ്റും ഇതിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് എല്ലാവരും കൈമുത്തി പിരിഞ്ഞു.

ഉച്ചകഴിഞ്ഞ് നാലു മണിക്ക് നമ്മുടെ ബഹുമാനാർത്ഥം കൂടുന്ന പബ്ലിക് മീറ്റിംഗിൽ സംബന്ധിപ്പാനായി വൈ.ഡബ്ലിയു.സി.എ. ഹാളിൽ പോയി. യോഗത്തിൽ ഇന്ത്യൻ മെത്രാപ്പോലീത്താ മുക്കർജി ആദ്ധ്യക്ഷം വഹിച്ചു. ഫാ. മാക്ബത്ത് (ഓക്സ്ഫോർഡ് മിഷൻ സുപ്പീരിയർ), സെറാമ്പൂർ കോളജ് പ്രിൻസിപ്പാൾ ഫാ. ഏബ്രഹാം, സെന്റ് പോൾസ് കോളജ് പ്രിൻസിപ്പാൾ മി. അസ്സി, ബങ്കാൾ ക്രിസ്ത്യൻ നേതാവ് മി. എ. ഡി. ഖാൻ മുതലായവർ പ്രസംഗിച്ചു. അനന്തരം മി. എം. സി. ഏബ്രഹാം (എം. എ. ചാക്കോയുടെ മകൻ) ഒരു മംഗളപത്രം കൽക്കട്ടാ ഇടവക വകയായി വായിച്ച് നമുക്കു സമർപ്പിച്ചു. നാം അതിന് സമുചിതമായ മറുപടി പ്രസംഗം ചെയ്തു. മെത്രാച്ചൻ ഇംഗ്ലീഷിൽ തർജ്ജമ ചെയ്തു കേൾപ്പിച്ചു. യോഗത്തിൽ അഞ്ഞൂറിൽപ്പരം ആളു

കൾ സംബന്ധിച്ചിരുന്നു. ആറര മണിക്ക് യോഗം അവസാനിച്ചു.

ഇന്ന് കോട്ടയത്തു നിന്നും മാനേജരച്ചന്റെ എഴുത്തും, മണലിൽ യാക്കോബ് കത്തനാരുടെ എഴുത്തും വന്നിരുന്നു. കേസ് നമുക്ക് പരിപൂർണ്ണമായി ദോഷമായി വിധിച്ചെന്നും, അതു മൂലം നമ്മുടെ ആളുകൾക്ക് എല്ലാ സ്ഥലത്തും അത്യധികമായ ഉത്സാഹവും ഊർജ്ജിതവും ഉണ്ടായിട്ടുണ്ടെന്നും, ഇന്ന് സമുദായപ്രമാണികളിൽ പലരും പഴയസെമിനാരിയിൽ കൂടി ഭാവികാര്യങ്ങളെപ്പറ്റി ആലോചിക്കുന്നുണ്ടെന്നും മറ്റും എഴുത്തിൽ പറഞ്ഞിരുന്നു. പരുമല അച്ചൻ ഡാക്കായ്ക്കു പോയി.

24-12-1951. കൽക്കട്ടാ. രാവിലെ അർമ്മീനിയൻ പള്ളിയിൽ എത്തി വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ ബിഷപ്സ് കോളജിൽ പഠിക്കുന്ന ഉമ്മൻ ശെമ്മാശനും ജോർജ് ശെമ്മാശനും പൂർണ്ണ ശെമ്മാശുപട്ടം നൽകി. അർമ്മീനിയൻ പട്ടക്കാർ നേരത്തെ പള്ളിയിൽ വന്നിരുന്നു. അർമ്മീനിയൻ ഇടവകക്കാരിൽ അമ്പതു പേരോളം ഇതിൽ സംബന്ധിച്ചു. നമ്മുടെ ആളുകളിലും അധികംപേരും പള്ളിയിൽ വന്നിരുന്നു. ബിഷപ്സ് കോളജ് പ്രിൻസിപ്പൽ Samphia യും അഞ്ചാറു വിദ്യാർത്ഥികളും പട്ടംകൊട കാണ്മാൻ വന്നിരുന്നു. വികാരി സി. എ. ഏബ്രഹാം കാപ്പ ധരിച്ചുകൊണ്ട് ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നു. കുർബ്ബാന കഴിഞ്ഞ് അംശവസ്ത്രങ്ങളോടു കൂടിത്തന്നെ ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കുകയുണ്ടായി. അച്ചന്മാർക്കും ജനങ്ങൾക്കും വലിയ സന്തോഷമായിരുന്നു. കുർബ്ബാനാനന്തരം അവരുടെ വകയായി ഒരു കാപ്പി സൽക്കാരം ഉണ്ടായിരുന്നു. കാപ്പി കഴിഞ്ഞ് കൽക്കത്താ മെത്രാപ്പോലീത്താ മുക്കർജിയെ കാണ്മാൻ അദ്ദേഹത്തിന്റെ അരമനയിൽ പോയി. അദ്ദേഹം ഞങ്ങളെ വളരെ സന്തോഷത്തോടെ സ്വീകരിച്ച് കാപ്പിയും മറ്റും തന്നു. മദ്രാസ് പള്ളിക്കാര്യം അദ്ദേഹത്തോടു പറഞ്ഞപ്പോൾ യാതൊരു പ്രയാസവും ഇല്ലാതെ നമ്മുടെ പേർക്ക് എഴുതിത്തന്നുകൊള്ളാമെന്നും അതിനായി ടി വിവരങ്ങൾ കാണിച്ച് നാം അദ്ദേഹത്തിന്റെ പേർക്ക് എഴുതണമെന്നും പറഞ്ഞു. അരമണിക്കൂർ നേരം അവിടെ താമസിച്ചശേഷം തിരിച്ച് ബിഷപ്സ് കോളജിൽ എത്തി.

നാലു മണിക്ക് കോളജ് ഗ്രൗണ്ടിൽ വച്ച് നമ്മുടെ ബഹുമാനാർത്ഥം ഇടവകക്കാരുടെ വക ഒരു ഗാർഡൻ പാർട്ടി നടത്തി. അതിൽ പല മാന്യന്മാരും, ഉദ്യോഗസ്ഥന്മാരും, അർമ്മീനിയൻ പട്ടക്കാരും പ്രധാനികളും മറ്റുമായി അഞ്ഞൂറോളം ആളുകൾ പങ്കുകൊണ്ടു. പാർട്ടി സമയത്ത് നാമും മെത്രാച്ചനും ചുറ്റി നടന്ന് ആളുകളെ പരിചയപ്പെട്ടുകൊണ്ടിരുന്നു. വികാരി സി. എ. ഏബ്രഹാം കത്തനാർ അതിഥികളെ പരിചയപ്പെടുത്തിക്കൊണ്ടിരുന്നു. ആറു മണിക്ക് വികാരിയുടെ ഒരു നന്ദി പറച്ചിലോടു കൂടി പാർട്ടി അവസാനിച്ചു. അനന്തരം ബിഷപ്സ് കോളജ് പ്രിൻസിപ്പലിന്റെ അപേക്ഷയനുസരിച്ച് കോളജ് ലൈബ്രറിയും ചാപ്പലും സന്ദർശിച്ചു. പരുമല അച്ചൻ വന്നു.

അടുത്ത തിങ്കളാഴ്ച കോട്ടയത്ത് എത്തണമെന്നു കമ്പി വന്നതിനാൽ ജബൽപൂർ, സെക്കന്ത്രബാദ് മുതലായ സ്ഥലങ്ങളിലേക്കുള്ള പ്രോഗ്രാം കാൻസൽ ചെയ്ത് നാളെ മദ്രാസിനു തിരിക്കുന്നതിനു തീരുമാനിച്ചു.

25-12-1951. കൽക്കട്ടാ. രാവിലെ ചാത്തന്നൂർക്കാരൻ കുഞ്ഞൂഞ്ഞിന്റെ വീട്ടിൽ പോയി പ്രാർത്ഥന നടത്തി. കാപ്പി കഴിഞ്ഞ് തിരിച്ചു പോന്നു. പത്തു മണിക്ക് ഈ ഇടവകയുടെ വകയായി ഒരു പൊതുയോഗം കോളജ് ഹാളിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി. മെത്രാച്ചൻ ഇടവകയുടെ പുരോഗമനത്തെപ്പറ്റിയും, കാതോലിക്കാ സിംഹാസനത്തെപ്പറ്റിയും, അതിൽ ജനങ്ങൾ ഉറച്ചുനിൽക്കണമെന്നും മറ്റും ശക്തിയായി പ്രസംഗിച്ചു. അനന്തരം വികാരി സി. എ. ഏബ്രഹാം കത്തനാരും, ജോഷ്വാ ശെമ്മാശനും, പി. കെ. വർക്കിയുടെ മകൻ കുരുവിളയും പ്രസംഗിച്ചു. പിന്നീട് കാതോലിക്കാ സിംഹാസനത്തോടും നമ്മോടുമുള്ള വിശ്വാസത്തെയും മറ്റും രേഖപ്പെടുത്തിയും എപ്പോഴും അതിൻകീഴിൽ നിന്നുകൊണ്ട് അതിനുവേണ്ടി സർവ്വ കഴിവുകളും ചെയ്തുകൊള്ളാമെന്നും കാണിച്ചുകൊണ്ട് രണ്ടു പ്രമേയങ്ങളും, ബോംബെ, മദ്രാസ് മുതലായ ഇടവകകളുടെ ഭരണഘടന പോലെ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നിശ്ചയിക്കുന്ന ഒരു ഭരണഘടന കൽക്കട്ടാ പള്ളിക്കാർക്കും എത്രയുംവേഗം നിശ്ചയിച്ച് അയച്ചുതരണമെന്നുള്ള ഒരു പ്രമേയവും അവതരിപ്പിച്ച് പാസ്സാക്കി. അതിനുശേഷം, കേസ് തോറ്റ ഈ അവസരത്തെപ്പറ്റിയും, ഇനിയും നാം ചെയ്യേണ്ട സംഗതികളെപ്പറ്റിയും മറ്റും ഒരു പ്രസംഗം ചെയ്തു. പ്രാർത്ഥനയ്ക്കുശേഷം ഒരു മണിക്ക് യോഗം അവസാനിച്ചു.

ഉച്ചകഴിഞ്ഞ് മൂന്നര മണിക്ക് മദ്രാസിനു പോകുന്നതിനു റെയിൽവേ സ്റ്റേഷ



നിലേക്കു തിരിച്ചു. സ്റ്റേഷനിൽ അനവധിയാളുകൾ നമ്മെ യാത്ര അയക്കുന്നതിനു കൂടിയിരുന്നു. വികാരിയച്ചനും നമ്മോടു കൂടി സ്റ്റേഷൻ വരെ വന്നു. നമുക്കായി ബുക്ക് ചെയ്തിരുന്ന കമ്പാർട്ട്മെന്റ് പലവിധ വർണ്ണങ്ങളുള്ള കടലാസുകളാലും മറ്റും കമനീയമായി അലങ്കരിച്ചിരുന്നു. 4.40-നു ട്രെയിൻ വിട്ടു. അപ്പോൾ സ്റ്റേഷനിൽ ഹുറേ വിളി മുഴങ്ങിക്കൊണ്ടിരുന്നു.

26-12-1951. കൽക്കട്ടാ-മദ്രാസ്. ഇന്ന് മുഴുവൻ ട്രെയിനിൽ ആയിരുന്നു. രാത്രി ഒരുവിധം നല്ല തണുപ്പായിരുന്നു.

27-12-1951. മദ്രാസ്. രാവിലെ ഏഴു മണിക്ക് മദ്രാസ് സെൻട്രൽ സ്റ്റേഷനിൽ എത്തി. സ്റ്റേഷനിൽ ഗബ്രിയേൽ കത്തനാരും, സി. പി. മാത്തനും, കെ. എം. ഉമ്മനും, മറ്റു പലരും സന്നിഹിതരായിരുന്നു. എല്ലാവരും കൂടി പള്ളിയിൽ വന്നു. ലുത്തിനിയാ കഴിഞ്ഞ് ഞങ്ങൾ ഇവിടെ താമസിച്ചു. എട്ടര മണിക്ക് കോട്ടയത്തു നിന്നും പി. എൻ. നൈനാൻ വന്നിരുന്നു. കേസ് ദോഷമായി വിധിച്ചതുകൊണ്ട് കോട്ടയത്തുകാരുടെ നിലയെപ്പറ്റിയും മറ്റും പറഞ്ഞു. അവിടെ എതൃസൈഡുകാർ യാതൊരു ബഹളവും കാണിക്കുന്നില്ല. നമ്മുടെ ആളുകൾ വളരെ ധൈര്യമായും, വാശിയോടും, ഉത്സാഹത്തോടും കൂടി ഇരിക്കുന്നു. ഞായറാഴ്ച ഉച്ചകഴിഞ്ഞ് സെമിനാരിയിൽ വച്ച് ഒരു മീറ്റിംഗ് കൂടി. വട്ടക്കുന്നേൽ റമ്പാച്ചൻ ആദ്ധ്യക്ഷം വഹിച്ചു. രണ്ടായിരത്തിൽപരം ആളുകൾ നാനാഭാഗത്തു നിന്നും കൂടിയിരുന്നു. റമ്പാച്ചനും, കുറിയാക്കോസ് റമ്പാച്ചനും, മാമ്മൻ മാപ്പിളയും, ടി. എസ്. ഏബ്രഹാം കത്തനാരും, കെ. എം. സഖറിയാ മുതൽപേർ ജനങ്ങൾക്ക് ഉത്തേജനം നൽകത്തക്കവിധം പ്രസംഗങ്ങൾ ചെയ്തു. ചില പ്രമേയങ്ങൾ പാസ്സാക്കി. അതിൽ നാം തിരിച്ച് നാട്ടിൽ എത്തുമ്പോൾ (31-നു തിങ്കൾ) അടൂർ മുതൽ കോട്ടയം വരെ വളരെ അധികം കാറുകളുടെ അകമ്പടിയോടു കൂടി ഒരു സ്വീകരണ ഘോഷയാത്ര നടത്തണമെന്നു തീരുമാനിച്ചു. കാതോലിക്കേറ്റ് അരമനയ്ക്കു സ്ഥലം ഉടനെ വാങ്ങി അരമനയും ചാപ്പലും എത്രയുംവേഗം പണി കഴിപ്പിക്കണമെന്നും മറ്റും തീരുമാനിച്ചു. മാമ്മൻ മാപ്പിളയ്ക്കും മറ്റും വലിയ ഉത്സാഹമുണ്ടെന്നും മറ്റുമുള്ള വിവരങ്ങൾ വിശദമായി പറഞ്ഞു. സുപ്രീം കോടതിയിൽ പോകുന്നതിന് വക്കീലന്മാരും ആലോചിക്കുന്നുണ്ട്. നൈനാൻ ഉച്ചകഴിഞ്ഞ് കോട്ടയത്തിനു പോയി.

ഉച്ചകഴിഞ്ഞ് ഇവിടെയുള്ള അർമ്മീനിയൻ പള്ളിയിൽ നാമും മെത്രാച്ചനും കൂടി പോയി. അവിടുത്തെ വികാരി വളരെ കാര്യമായി സ്വീകരിച്ചു. നാം പള്ളിയിൽ എത്തി ലുത്തിനിയാ കഴിച്ചു. അനന്തരം വികാരി സ്ഥാനവസ്ത്രങ്ങൾ ധരിച്ച് നമ്മെ ഒരു സിംഹാസനത്തിൽ ഇരുത്തി ചില സ്തുതിപ്പുകൾ വായിച്ചു. അതിനുശേഷം പള്ളിയും സ്ഥലങ്ങളും ചുറ്റിനടന്നു കണ്ടശേഷം തിരിച്ച് പള്ളിയിലേക്കു പോന്നു. രാത്രി താമസിച്ചു.

28-12-1951. രാവിലെ സി. പി. മാത്തൻ കാറുമായി വന്നു. നാമും മാത്തനും കൂടി നമ്മുടെ രക്തം പരിശോധിക്കുന്നതിനായി ഡോ. കെ. പി. പോളിന്റെ അഭിപ്രായപ്രകാരം ഡോ. രാജയുടെ വസതിയിൽ പോയി. അവിടെ ഡോ. പോൾ വന്നിരുന്നു. രാജ അഞ്ചു പ്രാവശ്യം രക്തമെടുത്ത് പരിശോധിച്ചു. പത്തു മണിയോടു കൂടി തിരിച്ച് പള്ളിയിൽ എത്തി. പരിശോധനയ്ക്കു ഡോക്ടർ യാതൊന്നും വാങ്ങിയില്ല.

ഉച്ചയ്ക്കു രക്തം പരിശോധിച്ചതിന്റെ റിപ്പോർട്ടുമായി പോൾ വന്നിരുന്നു. രക്തത്തിൽ കുറെ പഞ്ചസാര ഉണ്ടെന്നും ഭക്ഷണം ക്രമപ്പെടുത്തണമെന്നും, ചില ചികിത്സകൾ ചെയ്യുന്നതിന് രണ്ടാഴ്ച അവിടെ താമസിക്കണമെന്നും പറഞ്ഞു. ഇപ്പോൾ പോകേണ്ട ആവശ്യം ഉള്ളതുംകൊണ്ട് നാട്ടിൽ ചെന്നശേഷം ഒരു മാസത്തിനകം തിരിച്ചുവരാമെന്നു പറഞ്ഞു.

സന്ധ്യയ്ക്ക് 7.30-നുള്ള ട്രെയിനിൽ ചെങ്കോട്ടയ്ക്കു തിരിച്ചു. സി.പി. മാത്തനും കെ. എം. ഉമ്മനും വികാരിയച്ചനും മാണിയും മറ്റ് അനേകം ആളുകളും വന്നിരുന്നു. രാത്രി ട്രെയിനിൽ കിടന്നു. രാത്രി മൂന്നു മണിക്ക് തൃശ്നാപ്പള്ളിയിൽ എത്തിയപ്പോൾ അവിടെ നിന്നും നമ്മുടെ അച്ചന്മാരും മറ്റ് നമ്മുടെ ആളുകളും വന്ന് നമുക്ക് ഒരു വലിയ കത്തിച്ച തിരി തന്നു സ്വീകരിച്ചു.

29-12-1951. ട്രെയിൻ-ചെങ്കോട്ട. ഉച്ചയ്ക്ക് 12 മണിക്ക് ട്രെയിൻ ചെങ്കോട്ട സ്റ്റേഷനിൽ എത്തി. അവിടെ ഈപ്പൻ കത്തനാർ നമ്മുടെ കാറുമായി കോട്ടയത്തു നിന്നും വന്നിരുന്നു. ഊണു കഴിഞ്ഞ് റ്റി.ബി. യിലേക്കു തിരിച്ച് അവിടെ താമസിച്ചു. രാത്രിയിൽ പുനലൂർ നിന്നും ടി. കെ. ഉമ്മനും മറ്റും വന്ന് ചില സംഗതികൾ പറഞ്ഞു.

30-12-1951. ചെങ്കോട്ട, പത്തനാപുരം. രാവിലെ കാരിക്കോട്ടെ കത്തനാർ വി. കുർബ്ബാന ഇവിടെയുള്ള ആംഗ്ലിക്കൻ ചാപ്പലിൽ ചൊല്ലി. നാമും മെത്രാച്ചനും പള്ളിയിൽ പോയിരുന്നു. ഒമ്പതരയ്ക്കു കുർബ്ബാന കഴിഞ്ഞ് റ്റി.ബി. യിൽ എത്തി കാപ്പി കഴിഞ്ഞ് 10.15-നു പുനലൂർക്കു തിരിച്ചു. 12 മണിക്ക് വാളക്കോട്ടു പള്ളിയിൽ എത്തി. നമ്മുടെ വരവിനെ പ്രതീക്ഷിച്ച് വളരെപ്പേർ അവിടെ കൂടിയിരുന്നു. ഇന്ന് ടി ഇടവകയിലെ സണ്ടേസ്കൂൾ വാർഷിക മീറ്റിംഗ് ആയിരുന്നു. നാം അവിടെ കയറിയത് അവർക്കു വലിയ സന്തോഷമായിരുന്നു. മീറ്റിംഗിൽ 25 മിനിറ്റ് സമയം നാമും സംബന്ധിച്ചു. സി. ഐ. നൈനാൻ ഒരു ചെറു പ്രസംഗം ചെയ്തു. നാമും പത്തു മിനിട്ട് നേരം പ്രസംഗിക്കയും ഒന്നാമതു പാസ്സായ കുട്ടികൾക്കു സമ്മാനം കൊടുക്കയും ചെയ്തശേഷം ബി.ബി. യിലേക്കു തിരിച്ചു. ഉമ്മച്ചനും വന്നിരുന്നു. ബി.ബി. ചാപ്പലിൽ എത്തി ലുത്തിനിയായും ഉച്ചനമസ്കാരവും കഴിഞ്ഞ് ഉമ്മന്റെ വീട്ടിൽ എത്തി. ഉച്ചമേശ കഴിച്ചു. റ്റി. കെ. തോമസും അവിടെയുണ്ടായിരുന്നു. മേശ കഴിഞ്ഞ് മൂന്നു മണിക്ക് ഇവിടേക്കു തിരിച്ചു (പത്തനാപുരം). 4.15-നു ഇവിടെ എത്തി. ഇസ്സഹാക്കു കത്തനാരും, തോമസ് കത്തനാരും, ഫിലിപ്പ് സാറും മറ്റും ഇവിടെയുണ്ടായിരുന്നു. ഇന്ന് ഇവിടെ താമസിച്ചു. കല്ലുപ്പാറ നിന്നും ഇടിച്ചാണ്ടിപ്പണിക്കരും ഡോ. ക്യാപ്റ്റൻ ഉമ്മനും ലാസർ ഇടവകക്കാരും മറ്റു പലരും വന്നിരുന്നു. മി. റ്റി. കെ. അലക്സാണ്ടർ വന്ന് ചില സംഗതികളെക്കുറിച്ചു പറഞ്ഞു.

ചരിത്ര സ്മരണീയമായ വൻ ദിനം

30-12-1951. പത്തനാപുരം, കോട്ടയം. മാർത്തോമ്മാ ശ്ലീഹാ കുത്തേറ്റ ദിവസമാകയാൽ ഇവിടുത്തെ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ഇന്ന് നമ്മെ കോട്ടയത്തേക്കു എതിരേറ്റു കൊണ്ടുപോകുന്ന ദിവസമാണ്. എട്ടരമണി ആയപ്പോഴേക്കും കോട്ടയത്തു നിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും ആളുകൾ കാറുമായി വന്നിരുന്നു. അടൂർ മുതലാണ് ഘോഷയാത്ര നടത്തുന്നതെങ്കിലും പന്ത്രണ്ടു കാറോളം ഇവിടെ വന്നിരുന്നു. നാമും മെത്രാച്ചനും കൂടി ഒമ്പതു മണിക്ക് ഇവിടെനിന്നും അടൂർക്കു തിരിച്ചു. പത്തനാപുരം ലാസർ പള്ളിയിലും പറക്കോട്ടും വഴിമദ്ധ്യേ സ്വീകരണം ഉണ്ടായിരുന്നു. പത്തു മണിയായപ്പോൾ കണ്ണങ്കോട്ടു പള്ളിപ്പടിക്കൽ എത്തി. തീമോത്തിയോസ് മെത്രാച്ചൻ അവിടെ വന്നിരുന്നു. വലിയൊരു ജനക്കൂട്ടം കാറു വിടുന്നതിനു തന്നെ പ്രയാസമാകത്തക്കവിധം അവിടെ തിങ്ങിക്കൂടിയിരുന്നു. എഴുനൂറിൽപരം കാറുകൾ മനോഹരമായി അലങ്കരിച്ച് ഘോഷയാത്രയിൽ സംബന്ധിക്കുന്നതിനായി നിരന്നു കിടന്നിരുന്നത് കാണേണ്ടതു തന്നെയായിരുന്നു. പള്ളിയിൽ എത്തി ലുത്തിനിയാ കഴിഞ്ഞ് ഒരു ചെറുപ്രസംഗം ചെയ്തശേഷം ഘോഷയാത്ര ആരംഭിച്ചു. ആദ്യമായി രണ്ടു പൈലറ്റ് കാർ മുമ്പിൽ കൊടികളുമായി പോയി. അതിനു പുറകിലായിരുന്നു നമ്മുടെ കാർ. യാത്ര ആരംഭിച്ചപ്പോൾ 750-തോളം കാറുകൾ ഉണ്ടായിരുന്നു. എല്ലാ കാറുകളിലും കാതോലിക്കേറ്റ് പതാക ഉണ്ടായിരുന്നു. വഴിമദ്ധ്യേയുള്ള എല്ലാ പള്ളിക്കാരും റോഡ് സൈഡിൽ അലങ്കരിച്ച് നമ്മെ സ്വീകരിച്ചിരുന്നു. വീടുകളുടെ പടിക്കൽ കത്തിച്ച നിലവിളക്കുകൾ വച്ചുവിരിച്ചു അലങ്കരിച്ചു വച്ചിരുന്നു. പതിനൊന്നരയ്ക്കു മുളക്കുഴ എത്തി. അവിടെ മുതൽ പുത്തൻകാവു പള്ളി വരെ റോഡിൽ ഭംഗിയായി അലങ്കരിച്ചിരുന്നു. മുളക്കുഴയായപ്പോഴേക്കും ആളുകളുടെ സംഖ്യ പതിന്മടങ്ങ് വർദ്ധിച്ചിരുന്നു. 12 മണിക്ക് പുത്തൻകാവു പള്ളിയിൽ എത്തി ലുത്തിനിയാ കഴിഞ്ഞ് കബറുങ്കൽ ധൂപം



വയ്ക്കുകയും ഒരു ചെറു പ്രസംഗം ചെയ്യുകയും ചെയ്തശേഷം യാത്ര തുടർന്നു. ഇവിടം മുതൽ നാമും മെത്രാച്ചന്മാരും ഇരുന്നത് അരയന്നാകൃതിയിൽ വളരെ പണം ചിലവാക്കി സുപ്രസിദ്ധ അലങ്കാര വിദഗ്ദ്ധന്മാരാൽ നിർമ്മിതമായതും, ഏറ്റം മനോഹരമേറിയതുമായ ഒരു രഥത്തിലായിരുന്നു. പുത്തൻകാവ് തെരുവു മുഴുവൻ കമനീയമായി അലങ്കരിച്ചിരുന്നു. ഇവിടെ കാണപ്പെട്ടത് ഒരു മനുഷ്യമഹാസമുദ്രം തന്നെയായിരുന്നു. ആൾപ്പെരുപ്പം മൂലം ഇവിടെ നിന്നും ചെങ്ങന്നൂർ എത്തുന്നതിന് ഒരു മണിക്കൂർ വേണ്ടി വന്നു. ഒരു മണിക്കു രഥം ചെങ്ങന്നൂർ ബഥേലിനു സമീപം എത്തി. അപ്പോൾ കുന്നംകുളത്തു നിന്നും, പഴഞ്ഞിയിൽ നിന്നും മറ്റും വന്നിരുന്നവർ നമ്മെ ഹാരമണിയിച്ചു. കൂടാതെ ചെങ്ങന്നൂരെ സ്വതന്ത്ര സ്ഥാനാർത്ഥി ശിവരാമൻ നായരും നമ്മെ ഹാരമണിയിച്ചു. “കാതോലിക്കാ സിംഹാസനം വിജയിക്കട്ടെ. കാതോലിക്കാ ബാവാ തിരുമേനി നീണാൾ വാഴട്ടെ” എന്നും മറ്റുമുള്ള അട്ടഹാസങ്ങളാലും ചിയേഴ്സ് വിളികളാലും അന്തരീക്ഷം നിറഞ്ഞിരുന്നു.

ബഥേലിൽ ഇറങ്ങി ലുത്തിനിയായും ഉച്ചനമസ്കാരവും ഭക്ഷണവും കഴിഞ്ഞ് രണ്ടു മണിക്ക് വീണ്ടും ഘോഷയാത്ര ആരംഭിച്ചു. പുറകോട്ടു നോക്കിയാൽ നോക്കെത്താത്തവണ്ണം കാറുകൾ രഥത്തിനു മുമ്പേ നമ്മെ അനുയാത്ര ചെയ്തിരുന്നു. ചെങ്ങന്നൂർ പള്ളി വകയായും മറ്റും പുത്തൻവീട്ടിൽ പടിക്കലും ഇറപ്പുഴ പാലത്തിനു സമീപവും വലിയ സ്വീകരണങ്ങൾ ഉണ്ടായിരുന്നു. ഉമയാറ്റുകര പള്ളിപ്പടിക്കൽ മനോഹരമായ ആർച്ചുകളും മറ്റും കെട്ടി അലങ്കരിച്ചിരുന്നു. രഥം പള്ളിപടിക്കൽ നിന്നപ്പോൾ വികാരി ഗീവറുഗീസ് കത്തനാർ അലങ്കരിച്ച കത്തിച്ച മെഴുകുതിരി തന്ന് നമ്മെ സ്വീകരിച്ചു. വലിയൊരു ജനക്കൂട്ടം അവിടെ കൂടിയിരുന്നതുകൊണ്ട് പത്തു മിനിട്ടു നേരം ഉച്ചഭാഷിണിയിൽ കൂടി നാം പ്രസംഗിച്ച ശേഷം യാത്ര തുടർന്നു. മഴുക്കീർ, കുറ്റൂർ മുതലായ സ്ഥലങ്ങളിലും സ്വീകരണങ്ങൾ ഉണ്ടായിരുന്നു. തിരുമൂലപുരം പള്ളിപ്പടിക്കൽ എത്തിയപ്പോൾ അവിടെയും ജനം കൂടിയിരുന്നു. അവരും ഹാരമണിയിച്ചു സ്വീകരിച്ചു. തിരുവല്ലാ എസ്.സി. കവലയിൽ ഒരു ആർച്ച് കെട്ടി വളരെ ആളുകൾ കൂടിയിരുന്നു. വീണ്ടും തിരുവല്ലാ സെൻട്രൽ കവലയിൽ ഏറ്റം മനോഹരമാംവണ്ണം ആർച്ചുകൾ കെട്ടി പല നിറത്തിലുള്ള ഇലക്ട്രിക് ബൾബുകളാലും മറ്റും അലംകൃതമാക്കിയിരുന്നു. പന്തലിൽ രഥം നിർത്തിയപ്പോൾ ഏലിയാസ് തോമസ് കത്തനാർ, പുന്നൂസ് കത്തനാർ, സി.സി. ജോർജ് കത്തനാർ, ചാലക്കുഴിയിൽ കത്തനാർ, മണലിൽ കത്തനാർ ആദിയായവർ കൂടി ഹാരമണിയിച്ച് നമ്മെ സ്വീകരിക്കയും, ശീതളപാനീയങ്ങൾ നൽകുകയും ചെയ്തു. വമ്പിച്ച ജനാവലി നാനാഭാഗത്തു നിന്നും ഇവിടെ കൂടിയിരുന്നു. ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിന് പോലീസിനു പോലും പ്രയാസമായിരുന്നു. ഇവിടെയും നാം 15 മിനിറ്റു നേരം പ്രസംഗം ചെയ്തു. വീണ്ടും യാത്ര പുറപ്പെട്ടു. വേങ്ങൽ പള്ളി വകയായും ചങ്ങനാശ്ശേരിയിലുള്ള നമ്മുടെ ആളുകളുടെ വകയായും വലിയ സ്വീകരണങ്ങൾ ഉണ്ടായിരുന്നു. കുറിച്ചിക്കാരുടെ വകയായി റോഡരുകിൽ ആർച്ചുകളും മറ്റും കെട്ടിഒരുക്കി ഇടവകക്കാർ കൂടിയിരുന്നു. ചിങ്ങവനത്തു വച്ച് കുഴിമറ്റം, പാത്താമുട്ടം എന്നീ പള്ളിക്കാരുടെ വകയായി മൂന്നു വലിയ സ്വീകരണങ്ങൾ ഉണ്ടായിരുന്നു. വഴിമദ്ധ്യേയുള്ള വീടുകളിൽ കക്ഷിഭേദമില്ലാതെ ആളുകൾ വീടുകളുടെ മുൻവശത്ത് വച്ചു വിരിച്ചു വിളക്കു കത്തിച്ച് ഭംഗിയായി വച്ചിരുന്നു. പള്ളം പള്ളിയുടെയും മറ്റു പല വീടുകളുടെയും മുൻഭാഗത്ത് ആർച്ചു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

കളും മറ്റും കെട്ടി അലങ്കരിച്ചിരുന്നു. നാലര മണിയോടു കൂടി കോടിമത ചിറയിൽ നിന്നും കോട്ടയത്തിന്റെ അതിർത്തിയിൽ എത്തി. ഇരുവശങ്ങളിലും ഇടമുറിയാതെ എം.ഡി. സെമിനാരി വരെ ആളുകൾ കൂട്ടംകൂട്ടമായി നിന്നിരുന്നു. കോട്ടയത്തു തന്നെ ആറു സ്ഥലങ്ങളിൽ ആർച്ചുകളും മറ്റും കെട്ടി അലങ്കരിച്ചിരുന്നു. തിരുനക്കര വച്ചും ചന്തഭാഗത്തു വച്ചും മനോരമ ആപ്പീസിന്റെ മുമ്പിൽ വച്ചും പുഷ്പഹാരം അണിയിക്കുകയുണ്ടായി.


അഞ്ചര മണിക്ക് രഥം എം.ഡി. സെമിനാരിയിൽ എത്തി. സെമിനാരി കോമ്പൗണ്ട് നിറയെ ആളുകൾ തിങ്ങിക്കൂടിയിരുന്നു. നാം രഥത്തിൽ നിന്നും ഇറങ്ങിയപ്പോൾ പാമ്പാടി മെത്രാച്ചൻ നമ്മെ പുഷ്പഹാരമണിയിച്ചു. ലുത്തിനിയായും കാപ്പിയും കഴിഞ്ഞ് ചരിത്രപ്രസിദ്ധമായ ആ മഹാസമ്മേളനം ആരംഭിച്ചു. പ്രസംഗങ്ങളും മറ്റും കേൾക്കത്തക്കവണ്ണം ഉച്ചഭാഷിണി പ്രത്യേകം ഘടിപ്പിച്ചിരുന്നു. ആദ്യമായി തിരുവനന്തപുരം പള്ളി വികാരി ചെറിയമഠത്തിൽ സ്കറിയാ മല്പാനും, ടി പള്ളി ട്രസ്റ്റിയും നമ്മെ ഹാരമണിയിച്ചു. കാതോലിക്കാ മംഗള ഗാനത്തോടു കൂടി മീറ്റിംഗ് തുടങ്ങി. ടി. എസ്. ഏബ്രഹാം കത്തനാർ ശക്തിയുക്തം ഒരു പ്രസംഗം ചെയ്തു. കേസിന്റെ വിധി മൂലം നാം ഒരു പ്രകാരത്തിൽ തോറ്റെങ്കിലും പരിപൂർണ്ണമായി നാം ജയിച്ചിരിക്കയാണെന്നും, അബ്ദൽ മശിഹാ പാത്രിയർക്കീസ് ബാവാ ശരിയായ പാത്രിയർക്കീസാണെന്നും മറ്റും വിധിച്ചു കിട്ടിയപ്പോൾ നമ്മുടെ കാതോലിക്കാ സിംഹാസനം ഉറയ്ക്കുകയും സ്വതന്ത്രയാകുകയുമാണ് ചെയ്തിരിക്കുന്നത് എന്നും തോൽവി എതൃകക്ഷിക്കാർക്കാണ് പറ്റിയിരിക്കുന്നതെന്നും ഇനിയും നമുക്ക് സ്വതന്ത്രമായി നിന്ന് ഏകയോഗക്ഷേമമായി പ്രവർത്തിച്ചു മുമ്പോട്ടു പോകണമെന്നും പ്രസംഗത്തിൽ പറഞ്ഞു.

പിന്നീട് മാമ്മൻ മാപ്പിളയുടെ പ്രസംഗമായിരുന്നു. ടിയാന്റെ പ്രസംഗത്തിൽ നമ്മുടെ സമുദായത്തിന്റെ ഒരു പൂർവ്വചരിത്രം വിശദമാക്കുകയും ഇന്ന് നാം സ്വതന്ത്രരായിത്തീർന്നിരിക്കുന്നെന്നും ഇനിയും വിദേശബന്ധം നമുക്ക് വേണ്ടെന്നും, സ്വതന്ത്രമായതോടെ കാതോലിക്കാ സിംഹാസനത്തിന്റെ പുരോഗമനത്തിനായി പ്രവർത്തിക്കണമെന്നും പഴയസെമിനാരിയോ മറ്റ് സ്ഥാപനങ്ങളോ പോകുകയാണെങ്കിൽ അതൊരു നഷ്ടമായിരിക്കയില്ലെന്നും കാതോലിക്കാ അരമനയ്ക്കായി ഒരു കെട്ടിടവും ഏഴര ഏക്കർ സ്ഥലവും ഒന്നര ലക്ഷം രൂപയ്ക്ക് ഇടപാടു ചെയ്തെന്നും ഒരു ലക്ഷം രൂപാ ഇപ്പോൾ കിട്ടിയിട്ടുണ്ടെന്നും, ബാക്കി അര ലക്ഷം രൂപയും ഉടനെ ആവശ്യമായിരിക്കുന്നതിനാൽ എല്ലാവരും ഇതിൽ പണം തന്ന് സഹകരിക്കണമെന്നും മറ്റും ശക്തിയായി പ്രസ്താവിച്ചിരുന്നു. ഇതുവരെ പണം തന്നവരുടെ ലിസ്റ്റ് കൊച്ചുകൊച്ച് വായിച്ചു കേൾപ്പിച്ചു. പിന്നീട് സി. ഐ. നൈനാൻ വികാരാവേശനായി ഒരു പ്രസംഗം ചെയ്യുകയും കാതോലിക്കാ സിംഹാസനത്തിൽ ഞങ്ങൾ എന്നും നിലനിന്ന് ഭക്തിയുള്ളവരായിരിക്കുമെന്ന് ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് മൂന്നു പ്രാവശ്യം സത്യം ചെയ്തു. അപ്പോൾ അടുത്തുള്ള കത്തോലിക്കാ പള്ളിയിൽ നിന്നും മണിനാദം മുഴങ്ങിയത് ഒരു ശുഭലക്ഷണമായി എല്ലാവരും കരുതി. പിന്നീട് വട്ടക്കുന്നേൽ മാത്യൂസ് റമ്പാൻ ഒരു ചെറു പ്രസംഗത്തോടു കൂടി ഒരു സത്യവാചകം വായിച്ചു. എല്ലാവരും എഴുന്നേറ്റ് നിന്ന് ഏറ്റുചൊല്ലിയ രംഗം ഏതൊരുവനെയും കോൾമയിർ കൊള്ളിക്കുന്നതായിരുന്നു. സത്യവാചകം ഇതാകുന്നു: “മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യം ഞങ്ങൾ ഉറപ്പിച്ചു പ്രഖ്യാപിക്കുകയും, അതിന്റെ പ്രത്യക്ഷ ചിഹ്നമായ കാതോലിക്കാ സിംഹാസനത്തിന്റെ കൊടിക്കീഴിൽ ഞങ്ങളും ഞങ്ങളുടെ സന്താനപരമ്പരകളും ഭക്തിപൂർവ്വം നിലനിൽക്കുന്നതാണെന്ന് സത്യം ചെയ്യുകയും ചെയ്തുകൊള്ളുന്നു.” ഇത് ഏറ്റുചൊല്ലി കഴിഞ്ഞപ്പോഴും കത്തീഡ്രൽ പള്ളിയിൽ നിന്നും അവിചാരിതമായി മണിനാദം മുഴങ്ങുകയും, വെടിയുടെശബ്ദം കേൾക്കുകയും ചെയ്തു. ഇത് രണ്ടാമത്തെ കൂനൻകുരിശ് സത്യമായി എല്ലാവരും വിചാരിച്ചു. ഇതിനുശേഷം സി. എം. സ്റ്റീഫൻ പ്രസംഗിച്ചു. സ്റ്റീഫന്റെ പ്രസംഗം സിംഹഗർജ്ജനമായിരുന്നു എന്ന് പത്രക്കാർ പോലും റിപ്പോർട്ടു ചെയ്തിരുന്നു. ആളുകൾക്കെല്ലാം ഉത്സാഹവും ഊർജ്ജിതവും വരത്തക്കവണ്ണമുള്ള പ്രസംഗമായിരുന്നു അത്. മാർ യൂലിയോസ്, കേസിന്റെ ഈ വിധി കഴിഞ്ഞശേഷം പത്രത്തിൽ പരസ്യപ്പെടുത്തിയ കല്പനയെപ്പറ്റി ആവശ്യമാംവണ്ണം വിവരിക്കയും ശീമക്കാരുടെ കാലിത്തൊഴുത്തിൽ ഓർത്തഡോക്സ് സഭാംഗങ്ങൾ എന്തെല്ലാം കഷ്ടനഷ്ടങ്ങൾ വന്നാലും ഒരു കാലത്തും സന്താനപരമ്പരയുടെ കാലത്തോളം ഒരിക്കലും കടക്കുന്നതല്ലെന്നും, ആ കാലിത്തൊഴുത്തിൽ ഓർത്തഡോക്സുകാർ ചെല്ലുമെന്നുള്ള ആ വിചാരം വെറും നിരർത്ഥകമാണെന്നും മറ്റും പ്രസ്താവിക്കുകയുണ്ടായി. അനന്തരം നാം പ്രസംഗിച്ചു. വിധി പറഞ്ഞ അവസരത്തിൽ നാം കൽക്കട്ടായിലായിരുന്നെന്നും, വെറും മനഃപൂർവ്വമായി നമുക്കു ദോഷം ചെയ്തതായിരിക്കുമെന്നും, ഇതുകൊണ്ടു നമുക്കു ദോഷമൊന്നുമില്ലെന്നും, അബ്ദൽ മശിഹാ ബാവായുടെ സ്ഥാനം സ്ഥിരമായെന്നും, കാതോലിക്കാ സ്ഥാപനം എന്നെന്നേക്കും സ്ഥിരമായി ഉറച്ച് സ്വതന്ത്രമായി എന്നും മറ്റും വിശദമായി പറകയും വെള്ളിയാഴ്ച ദിവസം സത്യത്തെ (യേശു മശിഹായെ) പീലാത്തോസ് കുരിശിപ്പാൻ വിധിച്ചെന്നും അത് ഞായറാഴ്ച മഹത്വത്തോടെ ഉയിർത്തപ്രകാരം വെള്ളിയാഴ്ച ഉണ്ടായ ഈ വിധി ഞായറാഴ്ച ഉയിർത്ത് മഹത്വം പ്രാപിക്കുമെന്നും ആരും അധൈര്യപ്പെടരുതെന്നും എല്ലാം നന്മയ്ക്കാണെന്നും മറ്റും നാം പ്രസംഗത്തിൽ പറഞ്ഞു. നമ്മുടെ ജനങ്ങൾക്ക് വിഷമം ഒന്നും ഇല്ലാതെ സന്തോഷമായിരിക്കുന്നു എന്ന് ഇന്നത്തെ ഈ സ്വീകരണവും മീറ്റിംഗും കൊണ്ടു മനസ്സിലായതിൽ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടും, മാർത്തോമ്മാ ശ്ലീഹാ കുത്തേറ്റ ദിനമായ ഇന്ന് ഈ സംഭവങ്ങൾ ഉണ്ടായത് ഒരു ദൈവനിശ്ചയമാണെന്നും, ഇന്ന് നമ്മുടെ സഭയുടെ സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്തിരിക്കുന്നു എന്നും മറ്റും പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചു. അനന്തരം അരമന ഫണ്ടിലേക്കുള്ള പണം ഇടീലും ചിയേഴ്സ് വിളിയും കഴിഞ്ഞ് മീറ്റിംഗ് അവസാനിച്ചു. നാം സന്ധ്യാനമസ്കാരം കഴിഞ്ഞ് ഇവിടേക്കു (പഴയസെമിനാരി) പോന്നു. ദീവന്നാസ്യോസ് മെത്രാച്ചനും നമ്മോടു കൂടി ഇവിടെ എത്തി.

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



അഖില മലങ്കര പ്രാർത്ഥനാ യോഗം കൊച്ചി ഭദ്രാസന തെക്കൻ മേഖല സമ്മേളനം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ വൈറ്റില സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ ഉത്ഘാടനം ചെയ്യുന്നു.



ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ഫ്ളോറിഡ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് പിഎച്ച്.ഡി നേടിയ ബെൻ മാത്യു. കോട്ടയം കഞ്ഞിക്കുഴി അസറ്റ് സഫയറിൽ ചോതിരകുന്നിൽ സി.ഐ മാത്യുവിന്റെയും ഡോ അന്നമ്മ സി മാത്യുവിന്റെയും മകനാണ്. കാരമൂട് സെന്റ് മേരീസ് സെഹിയോൻ പള്ളി ഇടവകാംഗം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

കാതോലിക്കാ സ്ഥാപനവും മലങ്കര സഭാ ഭരണഘടനയും ദേശീയ ബോധത്തിന്റെ പശ്ചാത്തലത്തിൽ

ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ

മാർത്തോമ്മാ നസ്രാണികളുടെ സ്വത്വബോധത്തിന്റെയും, സ്വാതന്ത്ര്യചിന്തയുടെയും, ചരിത്രപരമായ വളർച്ചയുടെയും പ്രതീകമാണ് 1912-ൽ മലങ്കരയിൽ സ്ഥാപിതമായ പൗരസ്ത്യ കാതോലിക്കേറ്റ്. 1653-ൽ കൂനൻകുരിശ് സത്യപ്രഖ്യാപനത്തിലൂടെ തുടക്കം കുറിച്ച സ്വതന്ത്ര മലങ്കരസഭ എന്ന ആഗ്രഹത്തിന്റെ പൂർത്തീകരണമായിരുന്നു കാതോലിക്കാ സിംഹാസന സ്ഥാപനവും, തുടർന്ന് 1934-ൽ അംഗീകരിക്കപ്പെട്ട മലങ്കരസഭ ഭരണഘടനയും. കാതോലിക്കാ സിംഹാസന സ്ഥാപനം പ്രത്യക്ഷമായും, പരോക്ഷമായും മലങ്കരസഭാ ഭരണഘടനാ രൂപീകരണത്തിന് പ്രചോദനമാകുകയായിരുന്നു. 21-ാം നൂറ്റാണ്ടിലേക്ക് കാലുകുത്തിയപ്പോഴേക്കും ഇവ രണ്ടും മലങ്കരസഭയുടെ സ്വാതന്ത്ര്യ സ്വത്വബോധത്തിന്റെ ചോദ്യം ചെയ്യപ്പെടുവാൻ കഴിയാത്ത വിധമുള്ള രണ്ടു മഹൽ സ്ഥാപനങ്ങളായി നീതിപീഠങ്ങൾ പോലും ഉറച്ച ശബ്ദത്തിൽ പ്രഖ്യാപിക്കുയുണ്ടായി. 1912-ലെ കാതോലിക്കേറ്റ് സ്ഥാപനവും, 1934-ലെ മലങ്കരസഭാ ഭരണഘടനയുടെ അംഗീകാരവും കേവലം സഭാ തർക്കങ്ങളുടെയോ, വ്യവഹാരങ്ങളുടെയോ, പരിണിത ഫലമല്ല, പ്രത്യുത പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഭാരതത്തിലുടനീളം ആഞ്ഞടിച്ച ദേശീയ ബോധത്തിന്റെയും, സ്വതന്ത്ര ഭാരതചിന്തയുടെയും പ്രതിഫലനമായിരുന്നു. ഒരു പക്ഷെ, അവ സ്ഥാപിച്ചെടുക്കുന്നതിന് വ്യവഹാരങ്ങൾ വേണ്ടി വന്നു എങ്കിലും.



മത നവീകരണ പ്രസ്ഥാനങ്ങളും, ദേശീയബോധ രൂപീകരണവും

ആധുനിക ഭാരതചരിത്രത്തിൽ പതിനെട്ടും, പത്തൊമ്പതും നൂറ്റാണ്ടുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളവയാണ്. പാശ്ചാത്യ സംസ്ക്കാര സ്വാധീനവും, ഇംഗ്ലീഷ് ഭാഷയുടെ പ്രചരണവും, ബ്രിട്ടീഷ് ഭരണത്തിന്റെ ഗുണദോഷങ്ങളും, പൊതുവെ അച്ചടക്കരഹിതവും ചൂഷണ സാധ്യതകളോടു കൂടിയ ആചാരനുഷ്ഠാനങ്ങൾ നിയന്ത്രിച്ചിരുന്ന ഭാരത മതബോധവും, തുടക്കത്തിൽ മതനവീകരണ പ്രസ്ഥാനങ്ങൾക്കും തുടർന്ന് ദേശീയബോധ രൂപീകരണത്തിനും കാരണമായി. 1947-ലെ രാഷ്ട്ര സ്വാതന്ത്ര്യവും, 1950-ലെ ഭരണഘടന രൂപീകരണവും ഇതിന്റെ അനന്തര ഫലങ്ങളായിരുന്നു. അസ്വസ്ഥബാധിതമായിരുന്ന ഭാരത പൊതുമനസ്സാക്ഷിയുടെ ദീർഘ പോരാട്ടത്തിന്റെ പ്രതിഫലനങ്ങളായി സ്വാതന്ത്ര്യവും, ഭരണഘടനയും. ഭാരതത്തിൽ അങ്ങോളം ഇങ്ങോളം അലതല്ലിയ ഇതിന്റെ സ്വാധീനം പല മതങ്ങളുടേയും, മതബന്ധിതവും മതരഹിതവുമായ സംഘങ്ങളുടെ ശുദ്ധീകരണത്തിനും, സ്വത്വബോധത്തിനും വേദിയൊരുക്കി. പൊതുവെ കലുഷിതമായിരുന്ന മലങ്കര സഭാന്തരീക്ഷത്തിലും ഇതിന്റെ അലയടികൾ ഉണ്ടായി എന്നുവേണം കരുതുവാൻ. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ നഷ്ടപ്പെട്ട സ്വാതന്ത്ര്യവും അസ്ഥിത്വ ബോധവും വീണ്ടെടുക്കപ്പെടേണ്ടതിന്റെ ആവശ്യം അൽമായ-വൈദീക നേതൃത്ത്വത്തിൽ ശക്തമായി. ചുരുക്കത്തിൽ കാതോലിക്കാ സിംഹാസന സ്ഥാപനമോ, ഭരണഘടനാ രൂപീകരണമോ ഒറ്റപ്പെട്ട സംഭവങ്ങളായി കാണുകയല്ല വേണ്ടത്, മറിച്ച് 19-ാം നൂറ്റാണ്ടിൽ ആരംഭിച്ച ദേശീയബോധത്തിന്റെ ഭാഗമായി വേണം കാണുവാൻ. ആംഗ്ലിക്കൻ മിഷനറിമാരോടും, പിന്നീട് അന്ത്യോക്യൻ സുറിയാനി സഭയോടുമുള്ള മലങ്കര സഭാ മക്കളുടെ പോരാട്ടം കേവലം സഭാതർക്കമായിട്ടു വിലയിരുത്തപ്പെടേണ്ടതല്ല; മറിച്ച് ഭാരതത്തിൽ അങ്ങോളമിങ്ങോളം അലയടിച്ച ദേശീയ ബോധത്തിന്റെയും, സ്വാതന്ത്ര്യ ചിന്തയുടെയും പ്രതിഫലനമായി വേണം അതു വിലയിരുത്തുവാൻ. ഭാരതമണ്ണിൽ വിതയ്ക്കപ്പെട്ട സുവിശേഷ വിത്തിൽ നിന്നും മുളപൊട്ടി വളർന്നു വന്ന നസ്രാണി സമൂഹം വളർച്ചയുടെ പല ഘട്ടങ്ങളിലും വൈദേശീക സഭാ സമൂഹങ്ങളായി ബന്ധം പുലർത്താൻ നിർബന്ധിതരാവുകയും, നസ്രാണി സമൂഹത്തിൽ തന്നെ ഒരു വിഭാഗം ഈ വൈദേശീക മേൽക്കോയ്മയെ അംഗീകരിക്കുകയും ചെയ്തുവെങ്കിലും മലങ്കരസഭ ദേശീയ ബോധത്തിലൂന്നിയ സ്വതന്ത്ര ക്രൈസ്തവ സ്വഭാവം വീണ്ടെടുക്കുവാൻ പരിശ്രമിക്കുകയായിരുന്നു. ഈ പരിശ്രമത്തിന്റെ ഉദാത്ത ഫലമാണ് 1912-ലെ കാതോലിക്കേറ്റ് സ്ഥാപനം. കാതോലിക്കേറ്റ് സ്ഥാപനത്തിലൂടെ വീണ്ടെടുക്കപ്പെട്ട കൗദാശികവും ഭരണപരവുമായ സ്വാതന്ത്ര്യം ക്രമീകൃതവും, സുതാര്യവുമായ ഭരണത്തിനാവശ്യമായ ഭരണഘടന രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ചിന്തിക്കുന്നതിന് ഇടയാക്കി. ഒരേ സമയം, മലങ്കര സഭ ക്രിയാത്മകവും, സ്വത്വബോധത്തിലൂന്നിയതുമായ നവീകരണം കൈവരിക്കുകയും അതോടൊപ്പം ദേശീയ ബോധത്തിലെ പങ്കാളിത്തം വഴിയായി മാർത്തോമ്മാ പൈതൃകത്തിന്റെ സ്വതന്ത്ര അസ്തിത്വം വീണ്ടെടുക്കുകയും ചെയ്തു.

മലങ്കര സഭാ ഭരണഘടന - കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ പൂർത്തീകരണം

ക്രമീകൃതമായ ഒരു ഭരണഘടനയുടെയോ, നിയമ വാഴ്ചയുടെയോ അടിസ്ഥാനത്തിലായിരുന്നില്ല മലങ്കരസഭ ഭരിക്കപ്പെട്ടിരുന്നത്. 1804-ൽ ചിട്ടപ്പെടുത്തിയ കണ്ടനാട് പടിയോലയും, 1853-ലെ ചട്ടവരിയോലയും സഭയുടെ ആത്മീകവും, ഭൗതീകവുമായ ഭരണത്തെ ക്രമീകരിക്കുന്നതിന് സഹായിച്ചു, എങ്കിലും കാലക്രമേണ അത് ഇല്ലാതാകുകയായിരുന്നു. എന്നാൽ 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തോട് കൂടെ സഭാ സ്വാതന്ത്ര്യത്തിന്റെ സ്ഥായിയായ ഭാവം സഭാമക്കളിലും, ആത്മീയ-പൗരോഹിത്യ മണ്ഡലങ്ങളിലും പ്രതിഫലിച്ചു തുടങ്ങി. ക്രമീകൃതമായ ഭരണസംവിധാനവും, അതിനു സഹായകരമായ ഭരണഘടനയും പ. സഭയുടെ സാക്ഷ്യനിർവ്വഹണങ്ങളിലെ അവിഭാജ്യ ഘടകങ്ങളാണെന്ന ബോധ്യം വൈദിക-അൽമായ നേതൃത്വത്തിലെ ഉന്നതശീർഷരായ പലരിലും ഉണ്ടായി. മലങ്കര സഭയ്ക്കായി, ദേശീയതയിൽ കേന്ദ്രീകരിക്കുന്ന ഒരു ഭരണക്രമം സ്വപ്നം കണ്ട ആ മഹൽ വ്യക്തികൾ അതിനനുസരണമായ നിയമാവലി തയ്യാറാക്കുകയായിരുന്നു. പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, റ്റി. വി. ജോൺ എം. എ, ചെറിയമഠം സ്കറിയാ മൽപ്പാൻ, ഇ. ജെ. ജോൺ, കെ. സി. മാമൻ മാപ്പിള, ഏ. എം. വർക്കി, സി. പി. തരകൻ, പത്രോസ് മത്തായി, റ്റി. ജോസഫ്, ജേക്കബ് കുര്യൻ, കെ. റ്റി. മാത്യു, പി. റ്റി. ഈപ്പൻ, റാവുസാഹിബ് ഒ. എം. ചെറിയാൻ (കൺവീനർ) എന്നീ പ്രമുഖ വ്യക്തികളടങ്ങിയ സമിതിയെ ഭരണഘടനയുടെ നക്കൽ തയ്യാറാക്കുന്നതിന് പ. വട്ടശ്ശേരിൽ തിരുമേനി നിയമിക്കുകയും പ്രസ്തുത സമിതി ഭരണഘടനയുടെ നക്കൽ തയ്യാറാക്കുകയും ചെയ്തു. നക്കൽ രൂപീകരണ സമയത്തു തന്നെ ആശയപരമായ തർക്കങ്ങൾ ഉടലെടുക്കുകയുണ്ടായി. ജനാധിപത്യ വ്യവസ്ഥകൾക്ക് മുൻതൂക്കമുള്ള വാദഗതിയും, എപ്പിസ്ക്കോപ്പസിക്ക് മുൻതൂക്കമുള്ള വാദഗതിയും സമിതിയിൽ ഉടലെടുത്തുവെങ്കിലും ഇവ രണ്ടിന്റെയും സമവാ

യപരമായ സംയോജനം സാധ്യമാക്കുന്ന വിധമുള്ള നക്കലാണ് അംഗീകരിക്കപ്പെട്ടത്. ജനാധിപത്യ വ്യവസ്ഥിതിയെ മാനിച്ചും, എപ്പിസ്ക്കോപ്പസിയെ ആദരിച്ചും, ദേശീയതയും, പൗരസ്ത്യ സഭകളുടെ സഭാ വിജ്ഞാനീയവും കൂട്ടിയിണക്കുകയായിന്നു ഈ മഹത്ത് കർമ്മത്തിലൂടെ. ഭരണഘടനയുടെ ആദ്യ വകുപ്പുകളിൽ തന്നെ മലങ്കര സഭയുടെ ദേശീയ സ്വഭാവവും, അതോടൊപ്പം പൊതു സുറിയാനി പൈതൃകവും എടുത്തു പറഞ്ഞുകൊണ്ട് 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ ഉദ്ദേശവും, ലക്ഷ്യവും വ്യക്തമാക്കിയിരിക്കുന്നു.

മലങ്കര സഭയുടെ ചരിത്രപരമായ വളർച്ചയിൽ രൂപപ്പെട്ട അധികാര കേന്ദ്രമായ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന് അർഹമായ പ്രാധാന്യം ഭരണഘടനയിൽ നൽകുകയുണ്ടായി. മാർത്തോമ്മാ പൈതൃകത്തിന്റെ തദ്ദേശീയ ഭാവം ബഹിർസ്ഫുരിക്കുന്ന പ്രസ്തുത അധികാര കേന്ദ്രത്തിന്റെ ഭരണഘടനാപരമായ സാധൂകരണം സഭാ പൈതൃകത്തിന്റെ തനിമ സ്ഥിതീകരിക്കുന്നതിന് ഇടയാക്കി. മലങ്കര സഭയുടെ ദേശീയ-സാർവ്വത്രിക സ്വഭാവം ഉയർത്തിപ്പിടിക്കുന്ന 'കാതോലിക്ക' സ്ഥാനവും, തദ്ദേശീയ പൈതൃകഭാവം ഉയർത്തിക്കാട്ടുന്ന 'മലങ്കര മെത്രാപ്പോലീത്താ' സ്ഥാനവും പിൽക്കാലത്ത് ഒരു വ്യക്തിയിൽ ആകത്തക്കവിധം ഭേദഗതി ചെയ്യപ്പെട്ടുവെങ്കിലും ഒന്ന് ഒന്നിൽ ലയിച്ച് ഇല്ലാതെ പോവുകയോ, ഒന്ന് മറ്റൊന്നിനെ തമസ്ക്കരിക്കുന്ന വിധം അവഗണിക്കപ്പെടുകയോ ചെയ്യാനുള്ള സാധ്യത താരതമ്യേന ഇല്ലാതാക്കുന്ന വിധം സൂക്ഷ്മതയോടുകൂടിയാണ് അത് നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്. ഭാരതത്തിലെ നൂറു ശതമാനവും തദ്ദേശീയമായ സഭയെന്ന് മലങ്കര സഭയ്ക്ക് അഭിമാനിക്കുന്നതിന് കാരണമായത് ഭരണഘടനയുടെ ഈ സവിശേഷ സ്വഭാവം മൂലമാണ്. ദേശീയ ബോധവും, സ്വതന്ത്ര മലങ്കര സഭയെന്ന ചിന്തയും മലങ്കരയിലെ ദേവാലയങ്ങളുടെ ഭരണപരമായ ഐക്യരൂപത്തിന് വഴിയൊരുക്കി. പ്രാദേശികമായി ചില ഇടവകകളിൽ നിലനിന്നിരുന്ന 'ഉടമ്പടികൾ' 1934-ലെ ഭരണഘടനയോടുകൂടി അസ്ഥിരപ്പെടുകയും, എന്നാൽ ഭരണഘടനയ്ക്ക് ഉള്ളിൽ നിന്നുകൊണ്ട് സഭയുടെ പൊതുവായ താൽപര്യങ്ങൾക്ക് വിഘ്നം വരാത്ത വിധം അതാതു ഇടവകകൾക്ക് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള സാധ്യതയും 1934-ലെ ഭരണഘടന വ്യക്തമാക്കിയിരിക്കുന്നു.

ഉപസംഹാരം

പ്രാദേശിക ചരിത്രങ്ങൾക്കും, ആ ഭൂമികയിൽ നിന്നും ഉരുത്തിരിഞ്ഞ നാട്ടുപാരമ്പര്യങ്ങൾക്കും, കീഴ്വഴക്കങ്ങൾക്കും വിഘാതം വരുത്താതെ തന്നെ സഭയുടെ സമഗ്രമായ ഏകീകരണം സാധ്യമാക്കുന്നതിനും, ദേശീയ ബോധത്തിന്റെ ആവശ്യകത അരക്കിട്ടടുപ്പിക്കുന്നതിനും 1934-ലെ ഭരണഘടനയിലൂടെ കഴിഞ്ഞു. 1912-ൽ സ്ഥാപിതമായ കാതോലിക്കേറ്റിന്, മറ്റെല്ലാ വൈദേശിക അധികാര കേന്ദ്രങ്ങളെയും മായിച്ചു കളയുകയോ, നിർവ്വീര്യമാക്കുകയോ ചെയ്യുന്നവിധം പരമാധികാര കേന്ദ്രമാകുന്നതിന് പിൻബലം നൽകിയത് 1934-ലെ മലങ്കര സഭാ ഭരണഘടനയാണ്. മലങ്കര സഭയുടെ വികസനം ലക്ഷ്യമിട്ട് പദ്ധതികളും, പരിപാടികളും ആവിഷ്ക്കരിക്കുമ്പോൾ ശ്രദ്ധാപൂർവ്വം പരിഗണിക്കേണ്ടവയിൽ ദേശീയ ബോധവും രാഷ്ട്ര നിർമ്മാണവും സമഗ്രതയും ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. അസ്ഥിത്വ നിർണ്ണയത്തിലും, സ്വത്വബോധ രൂപീകരണത്തിലും ഈ ദേശീയബോധ ചിന്ത പരിഗണിക്കപ്പെടാതെ പോയാൽ സഭ കേവലം മതമൗലികവാദ-തീവ്രവാദ സംഘമായി തരം താഴ്ത്തപ്പെടും. 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെയും, 1934-ലെ മലങ്കരസഭാ ഭരണഘടനയുടെയും ആത്മാവ് നഷ്ടമായി പോകുന്ന പ്രക്രിയായി അത് അധഃപതിക്കും; നൂറ്റാണ്ടുകളെ മറികടക്കുവാൻ വെമ്പൽ കൊള്ളുമ്പോൾ ഈ അടിസ്ഥാനബോധം നഷ്ടമായിക്കൂടാ.

❑



ചെങ്ങന്നൂർ ഭദ്രാസന പ്രാർത്ഥനാ യോഗം വാർഷിക സമ്മേളനം 2026 മാർച്ച് 15-നു ഞായറാഴ്ച 2.30ന് തൊട്ടപ്പുഴ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടന്നു. ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ തീമോത്തിയോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു.



പ. കാതോലിക്കാ ബാവാ തിരുമേനിയുടെ നിർദ്ദേശപ്രകാരം വിശുദ്ധ മൂറോൻ കൂദാശയ്ക്ക് മുന്നോടിയായി കോട്ടയം പഴയസെമിനാരിയിൽ ഒൻപതു പേർക്ക് പൂർണ്ണ ശെമ്മാശുപട്ടം നൽകി. സെമിനാരി വൈസ് പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.



മുളക്കുഴ സെന്റ് മേരീസ് പള്ളി പ്ലാറ്റിനം ജൂബിലി: പരുമല ആശുപത്രിയിൽ ഒരു ദിവസത്തെ ഡയാലിസിസ് ചികിത്സ സൗജന്യമായി നൽകി മുളക്കുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് സമാഹരിച്ച തുക, പരുമല ആശുപത്രിയിലെ ഡയാലിസിസ് രോഗികളുടെ ചികിത്സാ സഹായത്തിനായി പള്ളി ഭാരവാഹികൾ ആശുപത്രി സി.ഇ.ഒ. ഫാ. എം. സി. പൗലോസിന് കൈമാറി. ഈ തുക ഉപയോഗിച്ച് മാർച്ച് 16-ന് പരുമല ആശുപത്രിയിൽ ഡയാലിസിസിനായി എത്തിയ മുഴുവൻ രോഗികൾക്കും പൂർണമായും സൗജന്യമായാണ് ചികിത്സ നൽകിയത്.



കേരള സർക്കാരിന്റെ തൊഴിലാളി ശ്രേഷ്ഠ അവാർഡിന് (ഐ.ടി. മേഖല) ഷിൻസ് പീറ്റർ എം. എസ് അർഹനായി. കൊച്ചി സ്മാർട്ട് സിറ്റിയിലെ എർൺസ്റ്റ് ആൻഡ് യങ് (Ernst & Young) സ്ഥാപനത്തിൽ അസിസ്റ്റന്റ് മാനേജരാണ്. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ തൊഴിൽ മന്ത്രി വി. ശിവൻകുട്ടി അവാർഡ് സമ്മാനിച്ചു. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും മൊമെന്റോയും അടങ്ങുന്നതാണ് ഈ പുരസ്കാരം. ഐ.ടി. മേഖലയിലെ മികച്ച തൊഴിൽ പ്രകടനത്തിനും സമർപ്പണത്തിനുമുള്ള അംഗീകാരമായി കേരള സർക്കാർ നൽകുന്ന പ്രധാനപ്പെട്ട ബഹുമതികളിൽ ഒന്നാണ് തൊഴിലാളി ശ്രേഷ്ഠ അവാർഡ്.


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

യായിറോസിന്റെ മകൾ



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുക്രിസ്തുവിന്റെ അദ്ഭുതങ്ങൾ സാധാരണ അത്ഭുതകഥകൾ മാത്രമല്ല; അവ ദൈവരാജ്യത്തിന്റെ സത്യങ്ങളെയും വിശ്വാസത്തിന്റെ ശക്തിയെയും മനുഷ്യജീവിതത്തിലെ പ്രത്യാശയെയും വെളിപ്പെടുത്തുന്ന ദൈവിക സംഭവങ്ങളാണ്. രോഗികളെ സുഖപ്പെടുത്തുകയും, കാറ്റിനും കടലിനും കല്പന നല്കുകയും, ഭൂതങ്ങളെ പുറത്താക്കുകയും ചെയ്ത യേശു, മനുഷ്യരുടെ ദുഃഖങ്ങളോട് ആഴത്തിൽ കരുണ കാണിച്ചവനാണ്. ഈ അദ്ഭുതങ്ങളിൽ ഓരോന്നും ദൈവം മനുഷ്യരുടെ ജീവിതത്തിൽ ഇടപെടുന്നവനാണെന്നും, അവൻ അസാധ്യമായവയെ സാധ്യമാക്കുന്നവനാണെന്നുമുള്ള പ്രത്യേകസന്ദേശം ഉൾക്കൊള്ളുന്നതാണ്.

ഇത്തരം ഹൃദയസ്പർശിയായ ഒരു സംഭവമാണ് യായിറോസിന്റെ മകളെ ഉയിർത്തെഴുന്നേല്പിച്ച അത്ഭുതം. ഇത് ഒരു പിതാവിന്റെ വേദനയും, വിശ്വാസവും, പ്രതീക്ഷയും, യേശുവിന്റെ കരുണയും ഒന്നിച്ചു ചേരുന്ന സംഭവമാണ്. സാമൂഹികമായി മാന്യസ്ഥാനമുള്ള ഒരാൾ തന്റെ ഏകമകളുടെ ജീവൻ രക്ഷിക്കുന്നതിനായി എല്ലാം മറന്ന് യേശുവിന്റെ പാദങ്ങളിൽ വീഴുന്ന ദൃശ്യമാണ് ഇതിൽ കാണുന്നത്. മനുഷ്യശക്തി പരാജയപ്പെടുന്നിടത്ത് ദൈവശക്തി പ്രവർത്തിക്കുന്നതിന്റെ ജീവിച്ചിരിക്കുന്ന ഉദാഹരണമാണ് ഈ സംഭവം.

ഈ അത്ഭുതം നമ്മെ പഠിപ്പിക്കുന്നത് യേശുവിന്റെ കരുണയെയും അധികാരത്തെയും മാത്രമല്ല, പ്രതിസന്ധികളിലും ഭയത്തിലും ആയിരിക്കുമ്പോൾ പോലും വിശ്വാസം കൈവിടരുതെന്ന മഹത്തായ പാഠവുമാണ്. "ഭയപ്പെടേണ്ട; വിശ്വസിക്ക മാത്രം ചെയ്ക" എന്ന യേശുവിന്റെ വാക്കുകൾ ഇന്നും ഓരോ വിശ്വാസിയുടെയും ഹൃദയത്തിൽ പ്രതിധ്വനിക്കുന്നു. മരണംപോലും അന്തിമ വാക്കല്ലെന്നും, ദൈവസന്നിധിയിൽ പ്രത്യാശയ്ക്ക് എന്നും ഇടമുണ്ടെന്നും ഈ സംഭവം വ്യക്തമാക്കുന്നു.

ഈ സംഭവത്തിന്റെ വിവരണം മത്തായി എഴുതിയ സുവിശേഷം 9:18–26, മർക്കോസ് എഴുതിയ സുവിശേഷം 5:21–43, ലൂക്കോസ് എഴുതിയ സുവിശേഷം 8:40–56, എന്നിവിടങ്ങളിൽ കാണാം. മൂന്ന് സുവിശേഷങ്ങളും ഈ സംഭവത്തെ രേഖപ്പെടുത്തിയിരിക്കുന്നതിനാൽതന്നെ ഇതിന്റെ ആത്മീയ പ്രാധാന്യം വ്യക്തമാകുന്നതാണ്. അതിനാൽ, യായിറോസിന്റെയും അവന്റെ മകളുടെയും ഈ അനുഭവം ഒരു പഴയ ചരിത്രസംഭവം മാത്രമല്ല; ഇന്നും ഓരോ മനുഷ്യജീവിതത്തിലും പ്രസക്തമായ വിശ്വാസത്തിന്റെ സന്ദേശമാണ്

1. യായിറോസ് ആരായിരുന്നു

യായിറോസ് അന്നത്തെ യെഹൂദ സമൂഹത്തിൽ ഒരു പ്രധാനപ്പെട്ട വ്യക്തിയായിരുന്നു. ബൈബിൾ രേഖപ്പെടുത്തുന്നതനുസരിച്ച്, അദ്ദേഹം ഒരു പള്ളി പ്രമാണി ആയിരുന്നു (മർക്കോസ് 5:22). യെഹൂദരുടെ പള്ളി, ആരാധനയുടേയും വചനപഠനത്തിന്റെയും സാമൂഹിക സംഗമങ്ങളുടേയും കേന്ദ്രമായിരുന്നു. അതിന്റെ ക്രമവും ശുചിത്വവും ശാസ്ത്രീയമായ നടത്തിപ്പും ഉറപ്പാക്കുന്നത് പള്ളിപ്രമാണിയുടെ ചുമതലയായിരുന്നു. പ്രസംഗിക്കാൻ ആരെ അനുവദിക്കണം, ആരാധനാക്രമം എങ്ങനെ മുന്നോട്ടു കൊണ്ടുപോകണം തുടങ്ങിയ കാര്യങ്ങളിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു.

ഇത്തരം സ്ഥാനത്ത് ഇരിക്കുന്ന ഒരാൾക്ക് സമൂഹത്തിൽ വലിയ മാന്യതയും ബഹുമാനവും ഉണ്ടായിരുന്നു. മതപരമായ ശുദ്ധിയും സാമൂഹിക പ്രതിഷ്ഠയും അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രധാനമായിരുന്നു. പ്രത്യേകിച്ച്, യേശുവിനെക്കുറിച്ച് യെഹൂദ നേതാക്കൾക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിന്നിരുന്ന സമയത്ത്, യേശുവിനെ സമീപിക്കുന്നത് തന്നെ ഒരു വലിയ തീരുമാനമായിരുന്നു. എന്നിരുന്നാലും, യായിറോസിന്റെ ജീവിതത്തിൽ ഒരു വലിയ പ്രതിസന്ധി സംഭവിച്ചു, തന്റെ പന്ത്രണ്ടുവയസ്സുകാരിയായ ഏകമകൾ ഗുരുതരമായി രോഗബാധിതയായി. ആ പിതാവിന്റെ ഹൃദയം വേദനയിൽ മുങ്ങി. സമൂഹത്തിലെ മാന്യസ്ഥാനം, അധികാരം, സമ്പത്ത്, ഒന്നും തന്റെ മകളുടെ ജീവൻ രക്ഷിക്കാൻ സഹായിച്ചില്ല. മനുഷ്യശക്തി പരാജയപ്പെട്ടപ്പോൾ, അദ്ദേഹം ദൈവശക്തിയിലേക്ക് തിരിഞ്ഞു.

അദ്ദേഹം ജനക്കൂട്ടത്തിനിടയിൽ യേശുവിനെ കണ്ടപ്പോൾ, തന്റെ പദവി മറന്ന് അവന്റെ കാല്ക്കൽ വീണു അപേക്ഷിച്ചു (മർക്കോസ് 5:22–23). 'എന്റെ കുഞ്ഞു മകൾ അത്യാസനത്തിൽ ഇരിക്കുന്നു. അവൾ രക്ഷപെട്ടു ജീവിക്കേണ്ടതിന് നീ വന്ന് അവളുടെ മേൽ കൈ വയ്ക്കേണമേ" എന്നായിരുന്നു അദ്ദേഹത്തിന്റെ അപേക്ഷ. ഇത് ഒരു ഔപചാരിക അഭ്യർത്ഥനയല്ല; ഒരു പിതാവിന്റെ കരച്ചിലാണ്.

ഇവിടെ നാം കാണുന്നത് രണ്ടു പ്രധാന ഗുണങ്ങളാണ്. ഒന്ന് വിനയം, ഉയർന്ന സ്ഥാനമുള്ള ഒരാൾ ജനക്കൂട്ടത്തിനുമുന്നിൽ മുട്ടുകുത്തി സഹായം ചോദിക്കുന്നു. രണ്ട് വിശ്വാസം, യേശുവിന്റെ സ്പർശം മകളെ സുഖപ്പെടുത്തുമെന്ന ഉറച്ച വിശ്വാസം. യായിറോസ് തന്റെ ജീവിതത്തിൽ അഭിമാനത്തേക്കാൾ വിശ്വാസത്തെ തിരഞ്ഞെടുക്കുകയായിരുന്നു. സമൂഹത്തിന്റെ അഭിപ്രായങ്ങളെക്കാൾ മകളുടെ ജീവനെ വിലമതിച്ചു. അവന്റെ ഈ തീരുമാനമാണ് പിന്നീട് അദ്ഭുതത്തിന്റെ വാതിൽ തുറന്നത്.

ഇവിടെ അദ്ദേഹം ഒരു സാധാരണ പള്ളിപ്രമാണിയായി മാത്രം ചിത്രീകരിക്കപ്പെടുന്നില്ല; അതിലുപരി, ജീവിതത്തിലെ കഠിനസാഹചര്യങ്ങളിൽ പോലും ദൈവവിശ്വാസം കൈവിടാതെ നിലകൊള്ളുന്ന വ്യക്തിയായി കാണപ്പെടുന്നു. അദ്ദേഹത്തിന്റെ സ്ഥാനവും പദവിയുമല്ല, ആത്മീയമായ ആഴവും വിശ്വാസത്തിന്റെ ശക്തിയും ആണ് പ്രധാനമെന്ന് ഈ സംഭവം സൂചിപ്പിക്കുന്നു. ദുരിത സമയങ്ങളിൽ ദൈവത്തെ ആശ്രയിക്കുന്നതിന്റെ പ്രാധാന്യം അദ്ദേഹം തന്റെ പ്രവൃത്തികളിലൂടെ തെളിയിച്ചു. ചുരുക്കിപ്പറഞ്ഞാൽ, യായിറോസിനെ ഒരു പദവിയാൽ മാത്രം വിലയിരുത്താതെ, ഉറച്ച വിശ്വാസത്തിന്റെ ജീവിച്ചിരിക്കുന്ന

ഉദാഹരണമായി അവതരിപ്പിക്കുന്നു.

2. യായിറോസിന്റെ മകളുടെ അവസ്ഥ

യായിറോസിന്റെ മകൾ ഏകദേശം പന്ത്രണ്ടു വയസ്സുള്ള ഒരു ബാലികയായിരുന്നു (മർക്കോസ് 5:42). ബാല്യത്തിന്റെ സൗമ്യതയും ഭാവിയിലെ അനവധി സ്വപ്നങ്ങളും നിറഞ്ഞ പ്രായം. പ്രത്യേകിച്ച്, ലൂക്കോസ് 8:42 പ്രകാരം അവൾ യായിറോസിന്റെ ഏകമകളായിരുന്നു. അതുകൊണ്ട് തന്നെ അവൾ പിതാവിനും മാതാവിനും ഏറ്റവും പ്രിയപ്പെട്ടവളായിരുന്നു. എന്നാൽ ഈ സന്തോഷകരമായ കുടുംബജീവിതത്തിനിടയിൽ അവൾ ഗുരുതരമായി രോഗബാധിതയായി മരണാവസ്ഥയിൽ എത്തി.

മനുഷ്യശക്തിയാൽ ഇനി ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ രോഗം അത്രയും ഭീകരമായിരുന്നു. യായിറോസ് യേശുവിനോട് അപേക്ഷിച്ചപ്പോൾ, അവൾ അപ്പോഴും ജീവനോടെ ആയിരുന്നുവെങ്കിലും, അവസ്ഥ അത്യന്തം ഗുരുതരമായിരുന്നു (മർക്കോസ് 5:23). അവളുടെ ഓരോ നിമിഷവും വിലപ്പെട്ടതായിരുന്നു.

യേശു അവളുടെ വീട്ടിലേക്കു പോകുന്നതിനിടയിൽ പന്ത്രണ്ടുവർഷമായി രക്തസ്രാവം അനുഭവിച്ചിരുന്ന സ്ത്രീയുടെ രോഗശാന്തിയുമായി ബന്ധപ്പെട്ട് അല്പം താമസം സംഭവിച്ചുപോയി. ആ ഇടവേളയിൽ, യായിറോസിന്റെ വീട്ടിൽ നിന്ന് ചിലർ വന്ന് “നിന്റെ മകൾ മരിച്ചു; ഇനി ഗുരുവിനെ ബുദ്ധിമുട്ടിക്കേണ്ട” എന്ന ദുഃഖവാർത്ത അറിയിച്ചു (മർക്കോസ് 5:35). ഇത് ഒരു പിതാവിന് കേൾക്കാൻ കഴിയുന്ന ഏറ്റവും വേദനാജനകമായ വാക്കുകളാണ്. യായിറോസിന്റെ പ്രതീക്ഷ തകർന്ന നിമിഷമായിരുന്നു അത്.

എന്നാൽ അതേ സമയത്ത് യേശു യായിറോസിനോട് പറഞ്ഞു: “ഭയപ്പെടേണ്ട; വിശ്വസിക്ക മാത്രം ചെയ്ക” (മർക്കോസ് 5:36). ഇത് ഒരു ആശ്വാസവാക്ക് മാത്രമല്ല, വിശ്വാസത്തിലേക്കുള്ള ഒരു ക്ഷണവുമായിരുന്നു. മനുഷ്യർ “അവസാനം” എന്നു പ്രഖ്യാപിച്ചപ്പോൾ, യേശു “വിശ്വാസം” എന്നു പ്രഖ്യാപിച്ചു. വീട്ടിലെത്തി, യേശു കരച്ചിലും വിലാപവും നിറഞ്ഞ അന്തരീക്ഷം കണ്ടു. ആളുകൾ ശോകത്തിൽ മുങ്ങിയിരുന്നു. എന്നാൽ യേശു: “നിങ്ങളുടെ ആരവാരവും കരച്ചിലും എന്തിന് ? കുട്ടി മരിച്ചിട്ടില്ല., ഉറങ്ങുന്നത്രേ എന്ന് അവരോട് പറഞ്ഞു” (മർക്കോസ് 5:39). അതുകേട്ട് അവർ അവനെ പരിഹസിച്ചെങ്കിലും, യേശു മാതാപിതാക്കളെയും തന്റെ ശിഷ്യന്മാരിൽ ചിലരെയും മാത്രം കൂട്ടിക്കൊണ്ട് അകത്ത് പ്രവേശിച്ചു. അവളുടെ കൈ പിടിച്ച്, “തലീഥാ കൂമി” അതായത്, “ബാലേ, എഴുന്നേൽക്ക എന്ന് ഞാൻ നിന്നോട് കല്പിക്കുന്നു” (മർക്കോസ് 5:41) എന്ന് സ്നേഹപൂർവ്വം അരാമ്യഭാഷയിൽ പറഞ്ഞു. ഉടൻ തന്നെ അദ്ഭുതം സംഭവിച്ചു. അവൾ എഴുന്നേറ്റ് നടന്നു. മരണം ജീവന്റെ മുന്നിൽ കീഴടങ്ങി. അവിടെ ഉണ്ടായിരുന്നവർ അത്യന്തം അദ്ഭുതപ്പെട്ടു (മർക്കോസ് 5:42).

ഈ സംഭവം ഒരു ബാലികയുടെ രോഗശാന്തിയല്ല; മറിച്ച് അത് മരണത്തിന്മേൽ യേശുവിന്റെ അധികാരത്തിന്റെ തെളിവാണ്. മനുഷ്യർ നിരാശയിൽ നിൽക്കുമ്പോൾ പോലും ദൈവത്തിന്റെ സമയം അവസാനിക്കുന്നില്ലെന്ന സത്യത്തിന്റെ പ്രഖ്യാപനമാണ്.

3. യായിറോസിന്റെ മകളുടെ സവിശേഷതകൾ

യായിറോസിന്റെ മകൾ ഏകദേശം പന്ത്രണ്ടു വയസ്സുള്ള ബാലികയായിരുന്നു (മർക്കോസ് 5:42). കൂടാതെ, ലൂക്കോസ് 8:42 പ്രകാരം അവൾ യായിറോസിന്റെ ഏക മകൾ ആയിരുന്നു. അതായത്, അവൾ അവരുടെ കുടുംബത്തിന്റെ ഏക പ്രതീക്ഷയും സന്തോഷവുമായിരുന്നു. ഏകമകളെ നഷ്ടപ്പെടുന്നത് ഒരു കുടുംബത്തിന് സഹിക്കാനാവാത്ത ദുഃഖമാണ്. അതുകൊണ്ട് തന്നെ ഈ സംഭവത്തിൽ പിതാവിന്റെ വേദനയും കുടുംബത്തിന്റെ മാനസികാവസ്ഥയും നമുക്ക് മനസ്സിലാക്കാം. ഈ സവിശേഷത ഈ അദ്ഭുതത്തെ കൂടുതൽ ഹൃദയസ്പർശിയാക്കുന്നു.

പന്ത്രണ്ടു വയസ് എന്നത് ഒരു പെൺകുട്ടിയുടെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട ഘട്ടമാണ്. ബാല്യത്തിൽ നിന്ന് യൗവനത്തിലേക്കുള്ള മാറ്റത്തിന്റെ സമയമാണ് അത്. സ്വപ്നങ്ങളും പ്രതീക്ഷകളും വളരുന്ന പ്രായം. ഇത്തരമൊരു ഘട്ടത്തിൽ രോഗവും മരണവും വരുന്നത് മനുഷ്യർക്കു വളരെ ദുഃഖകരമാണ്. അതുകൊണ്ട്, അവളുടെ ഉയിർത്തെഴുന്നേൽപ്പ് ഒരു ജീവിതത്തിന്റെ പുനരാരംഭം പോലെയാണ്. ദൈവം അവൾക്ക് പുതിയ അവസരം നൽകി എന്നതിന്റെ അടയാളമാണ് ഇത്.

ഈ ബാലികയുടെ ജീവിതം യേശുവിന്റെ ദൈവിക ശക്തിയുടെ തെളിവായി മാറി. അവൾ മരിച്ച അവസ്ഥയിൽ നിന്ന് വീണ്ടും ജീവനിലേക്ക് മടങ്ങി (മർക്കോസ് 5:41–42). മനുഷ്യശക്തി അവസാനിച്ചിടത്ത് ദൈവശക്തി പ്രവർത്തിച്ചു. യേശു “തലീഥാ കൂമി” എന്നു പറഞ്ഞപ്പോൾ, മരണം പോലും അവന്റെ കല്പന അനുസരിച്ചു. അതിലൂടെ യേശുവിന് ജീവനും മരണത്തിനും മേൽ അധികാരമുണ്ടെന്ന് തെളിഞ്ഞു. ഈ സംഭവം അവിടെ ഉണ്ടായിരുന്നവർക്കും പിന്നീട് ഈ സുവിശേഷം വായിക്കുന്നവർക്കും വിശ്വാസത്തിന്റെ ഉറച്ച അടിത്തറയായി മാറുന്നു.

യായിറോസിന്റെ മകളുടെ ഉയിർത്തെഴുന്നേൽപ്പ് ഒരു അദ്ഭുതം മാത്രമല്ല; അത് പിതാവിന്റെ വിശ്വാസത്തിന്റെ പ്രതിഫലനവുമാണ്. “ഭയപ്പെടേണ്ട; വിശ്വസിക്ക മാത്രം ചെയ്ക” (മർക്കോസ് 5:36) എന്ന യേശുവിന്റെ വാക്ക് യായിറോസ് അനുസരിച്ചു. അവൻ ഭയത്തേക്കാൾ വിശ്വാസത്തെ തിരഞ്ഞെടുക്കുകയായിരുന്നു. അതിന്റെ ഫലമായി അവന്റെ മകൾ വീണ്ടും ജീവിച്ചു.

ഇത് നമ്മെ പഠിപ്പിക്കുന്നത്, ഒരാളുടെ വിശ്വാസം മറ്റൊരാളുടെ ജീവിതത്തിൽ അനുഗ്രഹമായി മാറാം എന്നതാണ്. യായിറോസിന്റെ ഉറച്ച വിശ്വാസം അവളുടെ ജീവിതത്തെ തിരിച്ചു കൊണ്ടുവന്നു.

ഈ സവിശേഷതകൾ എല്ലാം ചേർന്ന്, യായിറോസിന്റെ മകൾ ഒരു സാധാരണ ബാലികയല്ല; വിശ്വാസം, പ്രത്യാശ, ദൈവിക ശക്തി എന്നിവയുടെ ജീവിച്ചിരിക്കുന്ന സാക്ഷ്യമായി മാറിയവളാണ്.

4. സമകാലിക പ്രസക്തിയും സന്ദേശവും

യായിറോസിന്റെ മകളുടെ ഉയിർത്തെഴുന്നേൽപ്പ് ഇന്ന് നമ്മുടെ ജീവിതത്തെയും മനുഷ്യ മനസ്സിനെയും ബാധിക്കുന്ന അനവധി സന്ദേശങ്ങൾ നൽകുന്നു. ഒന്നാമത്, വിശ്വാസം ഭയത്തെ ജയിക്കും എന്നതാണ്. യായിറോസ് ഒരു പ്രമുഖ പള്ളി പ്രമാണിയായിരുന്നു, സമൂഹത്തിൽ വലിയ മാന്യതയും ബഹുമാനവും നേടിയ ആളായിരുന്നു. എന്നാൽ തന്റെ മകളുടെ ജീവൻ അപകടത്തിൽ വന്നപ്പോൾ, അദ്ദേഹം തന്റെ സ്ഥാനവും അഭിമാനവും മറന്ന് യേശുവിന്റെ പാദങ്ങളിൽ വീണു. ആ വിധം, ജീവിതത്തിലെ പ്രതിസന്ധികളിലും അപകടങ്ങളിലും ഭയപ്പെടാതെ ദൈവത്തിൽ വിശ്വാസം വയ്ക്കുന്നത് എത്രത്തോളം ശക്തിയുള്ളതാണെന്ന് നമ്മെ പഠിപ്പിക്കുന്നു.

രണ്ടാമത്, ദൈവത്തിന് അസാധ്യമായി ഒന്നുമില്ല എന്ന സത്യമാണ് ഈ സംഭവത്തിൽ വ്യക്തമാകുന്നത്. മരണം പോലും യേശുവിന്റെ കൈയിൽ ഒരു തടസ്സമല്ല. മനുഷ്യശക്തി പരാജയപ്പെടുന്നിടത്ത് ദൈവിക ശക്തി പ്രവർത്തിക്കുന്നതാണ് ഈ ബാലികയുടെ ഉയിർത്തെഴുന്നേൽപ്പ് കാണിക്കുന്നത്. ഇത് നമ്മോട് പറയുന്നു: ജീവിതത്തിലെ ഏറ്റവും വലിയ പ്രതിസന്ധികളും ദുരന്തങ്ങളും ദൈവത്തിന്റെ സമയത്തെയും പദ്ധതിയെയും അനുസരിച്ച് മാറിയേക്കാം.

“മൂന്നാമത്, വിനയം വലിയ ശക്തിയാണ്. ഉയർന്ന സ്ഥാനവും പിതൃത്വവും കൈവിട്ട്, യായിറോസ് ദൈവസന്നിധിയിൽ വിനയപ്പെട്ടു. നമ്മുടെ സാമൂഹിക സ്ഥാനം, അഭിമാനം, ധനസമ്പത്ത് എന്നിവയെക്കാൾ മഹത്തായത് ദൈവസന്നിധിയിലുള്ള യഥാർത്ഥ ശക്തിയാണ്. ഇവിടെ യായിറോസ് തന്റെ ഉയർന്ന സാമൂഹിക സ്ഥാനവും സമൂഹത്തിലെ മാനവും മറന്ന് ദൈവസന്നിധിയിൽ തലകുനിഞ്ഞ് നിൽക്കുന്നു. സാധാരണയായി മനുഷ്യർ സ്വന്തം പദവി, അഭിമാനം, സമ്പത്ത് എന്നിവയിൽ ആശ്രയിക്കാറുണ്ട്. എന്നാൽ യഥാർത്ഥ ശക്തിയും സഹായവും ലഭിക്കുന്നത് ദൈവസന്നിധിയിലാണ് എന്ന സത്യമാണ് യായിറോസ് നമ്മെ പഠിപ്പിക്കുന്നത്.

വിനയം എന്നത് ദൗർബല്യമല്ല; മറിച്ച് അത് ആത്മീയ ധൈര്യത്തിന്റെ അടയാളമാണ്. സ്വന്തം പരിമിതികൾ സമ്മതിച്ച് ദൈവത്തെ ആശ്രയിക്കുന്നത് വലിയ വിശ്വാസത്തിന്റെ പ്രകടനമാണ്. അഭിമാനം നമ്മെ ദൈവത്തിൽ നിന്ന് അകറ്റുമ്പോൾ, വിനയം ദൈവകൃപയിലേക്ക് നമ്മെ നയിക്കുന്നു. അതുകൊണ്ട്, അഭിമാനം വിട്ട് വിശ്വാസത്തോടെ മുന്നോട്ട് പോകുന്ന ജീവിതം ദൈവാനുഗ്രഹത്തിനുള്ള വഴിയാകുന്നു.

നാലാമത്, പ്രതീക്ഷ നഷ്ടപ്പെടുത്തരുത് എന്ന സന്ദേശമാണ്. മനുഷ്യർ “അവസാനം” എന്നു പ്രഖ്യാപിച്ചപ്പോൾ പോലും, യേശുവിന് അത് ഒരു തുടക്കമായിരുന്നു. ഇന്നത്തെ ലോകത്തും, രോഗം, നിരാശ, സാമ്പത്തിക ബുദ്ധിമുട്ട്, കുടുംബപ്രശ്നങ്ങൾ, ജീവിതത്തിലെ അനിശ്ചിതത്വങ്ങൾ തുടങ്ങിയവ പലരെയും ഭയത്തിലും നിരാശയിലും ആഴപ്പെടുത്തിയിരിക്കുന്നു. എന്നാൽ യായിറോസിന്റെ

അനുഭവം നമ്മോട് പറയുന്നത്, ദൈവത്തിന്റെ കരുണയുടെ ശക്തിയിൽ പ്രതീക്ഷ നിലനിർത്തുക, വിശ്വാസം കൈവിടരുത് എന്നാണ്.

അവസാനമായി, ഈ സംഭവത്തിൽ നാം കാണുന്നത് ആധുനിക ജീവിതത്തിനുള്ള അത്യന്ത സന്ദേശമാണ്. ഏതൊരു പ്രതിസന്ധിയിലും, മരണത്തിന്റെയും നഷ്ടത്തിന്റെയും ഭീതിയിലും, ദൈവത്തിന്റെ കരുണയെ വിശ്വസിച്ച് മുന്നോട്ട് പോകുന്നത് ജീവിതത്തിൽ മാറ്റം കൊണ്ടുവരും എന്നതാണ്.

യായിറോസിന്റെ മകളുടെ ഉയിർത്തെഴുന്നേൽപ്പ് ഒരു മഹത്തായ അദ്ഭുതം മാത്രമല്ല; അത് വിശ്വാസത്തിന്റെ ശക്തിയും യേശുവിന്റെ കരുണയും ദൈവിക ശക്തിയുടെ സാക്ഷ്യവുമായി നമ്മെ പഠിപ്പിക്കുന്ന ഒരു സന്ദേശമാണ്. ഒരു പിതാവായ യായിറോസ്, തന്റെ പ്രിയപ്പെട്ട ഏക മകളുടെ ജീവൻ രക്ഷിക്കാനായി, തന്റെ സാമൂഹിക സ്ഥാനവും ബഹുമാനവും മറന്ന് യേശുവിനെ സമീപിച്ചു. അദ്ദേഹത്തിന്റെ വിനയവും കലർപ്പില്ലാത്ത വിശ്വാസവും എത്രത്തോളം ശക്തിയുള്ളതാണെന്നത് ഈ സംഭവത്തിൽ വ്യക്തമായി കാണുന്നു.

ഈ അദ്ഭുതം നമ്മോട് പറയുന്നതെല്ലാം ജീവിതത്തിലെ പ്രതിസന്ധികളിലും പ്രായോഗികമാണ്. നമ്മൾ നേരിടുന്ന ഭയം, ആശങ്ക, സാമ്പത്തിക ബുദ്ധിമുട്ടുകൾ, രോഗങ്ങൾ, കുടുംബ പ്രശ്നങ്ങൾ എന്നിവക്ക് പരിഹാരം നമ്മുടേതായ ശക്തിയിൽ മാത്രം കണ്ടെത്താൻ ശ്രമിക്കുമ്പോൾ നാം പരാജയപ്പെടാം. എന്നാൽ, ഭയം വെടിഞ്ഞാൽ വിശ്വാസം ശക്തമാകും, നിരാശ മാറി പ്രത്യാശയും സന്തോഷവും പകരും എന്ന് യായിറോസിന്റെ ഉദാഹരണം നമ്മെ ഓർമ്മിപ്പിക്കുന്നു.

യേശുവിന്റെ സ്നേഹവും കരുണാത്മകവുമായ ഇടപെടലുകൾ അനന്ത ശക്തിയുടെ തെളിവാണ്. അതുകൊണ്ടുതന്നെ, യായിറോസിന്റെ അനുഭവം ഇന്നും ഓരോ വിശ്വാസിയുടെയും ഹൃദയത്തിൽ പ്രതിധ്വനിക്കുന്നു: “ഭയപ്പെടേണ്ട; വിശ്വസിക്ക മാത്രം ചെയ്ക.” (മർക്കോസ് 5:36)ഈ വാക്കുകൾ മനുഷ്യ ജീവിതത്തിലെ എല്ലാ പ്രതിസന്ധികളിലും പ്രത്യാശയുടെ വെളിച്ചം ആണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. നമുക്ക് മുന്നിലുള്ള വെല്ലുവിളികൾ വലിയവയാണെങ്കിലും, വിശ്വാസവും ദൈവവചനത്തിനുള്ള ആസക്തിയും നമ്മുടെ ജീവിതത്തെ പുതുജീവിതത്തിലേക്ക് നയിക്കും. യായിറോസിന്റെയും അവന്റെ മകളുടെയും അനുഭവം, അത്ഭുത സംഭവം എന്നതിനെക്കാൾ, ദൈവത്തിന്റെ കരുണയും വിശ്വാസത്തിന്റെ ശക്തിയും സാക്ഷ്യപ്പെടുത്തുന്ന കാലാതീത പാഠമാണ്.





കൂത്താട്ടുകുളം ബൈബിൾ കൺവെൻഷൻ ഡോ. തോമസ് മാർ അത്താനാസ്യോസ് ഉദ്ഘാടനം ചെയ്യുന്നു.



ഭൂമി ഇല്ലാത്ത 8 കുടുംബങ്ങൾക്കും അംഗൻവാടിക്കും ഭൂമി ദാനമായി നൽകി കോന്നി ചെങ്ങറയിലെ ഫാ. ടി. സി. തോമസ് തട്ടാശേരിൽ. തുമ്പമൺ ഭദ്രാസനത്തിലെ വടക്കുപുറം സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക വികാരിയും ചെങ്ങര സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക അംഗവും ആണ്.



കൃത്യനിർവ്വഹണത്തിലുള്ള അർപ്പണമനോഭാവവും, ജോലിയിലുള്ള ശുഷ്കാന്തിയും, സേവനകാലത്ത് പ്രകടിപ്പിച്ചിട്ടുള്ള ഉന്നത മൂല്യങ്ങൾക്കുമുള്ള അംഗീകാരമായി പ്രശസ്ത സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ ട്രാൻസ്പോർട്ട് മെഡലിന് അർഹനായ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയി വിരമിച്ച കാട്ടുതറയിൽ പി. ഡാനിയൽ സ്റ്റീഫൻ. കൊറ്റംപള്ളി മാർ ഏലിയ ഓർത്തഡോക്സ് ഇടവകാംഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

വലിയ നോമ്പിലെ ആറാം ഞായറാഴ്ച

(വി. യോഹന്നാൻ 9:1–41)



ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

പിറവി കുരുടനെ യേശുക്രിസ്തു സൗഖ്യമാക്കുന്നതാണ് സഭാ ദിനമായ ഇന്ന് വിശുദ്ധ കുർബാനയുടെ സുവിശേഷ ഭാഗമായി ക്രമീകരിച്ചിരിക്കുന്നത്. ജീവിതത്തിൻറെ ഏതെങ്കിലും ഒരു ഘട്ടത്തിൽ രോഗിയായ മറ്റു പലരിൽ നിന്നും വ്യത്യസ്തനായി ജന്മം തൊട്ട് തന്നെ അന്ധനായി ജീവിക്കേണ്ടിവന്ന ഒരുവന്റെ കഥയാണിത്. എക്കാലവും മനുഷ്യൻ ചോദിച്ചു കൊണ്ടിരിക്കുന്ന ചോദ്യങ്ങളിൽ ഒന്ന് ജീവിതത്തിലെ സഹനങ്ങളുടെ കാരണമെന്ത് എന്നതാണ്. അതിനു കൃത്യമായ ഒരു ഉത്തരവുമായാണ് ഈ വേദഭാഗം ആരംഭിക്കുന്നത്. ചെറുതായാലും വലുതായാലും ജീവിതത്തിലെ പ്രതിസന്ധികൾക്ക് ദൈവ പദ്ധതി എന്ന സമവാക്യത്തിലൂടെ മാത്രമേ ഉത്തരം കണ്ടെത്താവൂ എന്നതാണത് (യോഹന്നാൻ 9:9). ദൈവസ്നേഹത്തിന്റെ ആഴം അറിയുവാനുള്ള അവസരങ്ങളായി വേദനകളെ കണ്ടെത്തണം എന്നതാണ് ഈ വേദഭാഗം ആരംഭിക്കുമ്പോൾ ഉള്ള ആശ്വാസവചനം.

അന്ധതയിൽ നിന്ന് കാഴ്ചയിലേക്കുള്ള ഒരുവന്റെ യാത്രയാണ് ഈ വേഭാഗത്തിന്റെ കാതൽ. കുരുടൻ കാഴ്ച പ്രാപിക്കുമ്പോൾ ചുറ്റുമുള്ള കാഴ്ച്ചയുള്ളവർ എത്ര മാത്രം അന്ധരായി പോകുന്നു എന്ന സൂചനയും ഈ വേദഭാഗം മുമ്പോട്ടു വയ്ക്കുന്നുണ്ട്.



പിറവിക്കുരുടന്റെ കാഴ്ച്ച: സൃഷ്ടിയുടെ പ്രകാശീകരണത്തിന്റെ സൂചന

അന്ധന്റെ കണ്ണും ലോകവും പ്രകാശിപ്പിക്കുന്നതിലൂടെ സൃഷ്ടിയുടെ പ്രകാശീകരണം എന്ന പവിത്രമായ സങ്കല്പത്തെയാണ് വേദഭാഗം അടിവരയിടുന്നത്. അന്ധനു കാഴ്ച്ച ലഭിക്കുവാനായി കർത്താവ് അവന്റെ മുൻപിലേക്ക് മൂന്ന് മാർഗ്ഗങ്ങളാണ് നൽകുന്നത്. നിലത്തു തുപ്പി മണ്ണുകൊണ്ട് ചേറുണ്ടാക്കുക, ശീലോഹാമിലെ വെള്ളത്തിൽ കഴുകുക എന്നതിനൊപ്പം ഈ കല്പനകൾ അനുസരിക്കുക എന്ന ഒരു പാഠവുമാണ്.

മണ്ണുകൊണ്ട് കാഴ്ച നൽകുമ്പോൾ മണ്ണ് കൊണ്ട് നിർമ്മിക്കപ്പെട്ടവനായ ആദ്യ മനുഷ്യനായ ആദം നഷ്ടപ്പെടുത്തിയ ദൈവീക പ്രകാശത്തിന്റെ വീണ്ടെടുപ്പിന്റെ സൂചനയാണ്. ശീലോഹാമിലെ വെള്ളത്തിൽ കഴുകുമ്പോൾ വിശുദ്ധ മാമോദിസയിലൂടെ ഒരുവൻ കഴുകിക്കളയേണ്ട ആത്മീയ അന്ധതയുടെയും നേടിയെടുക്കേണ്ട ആത്മീയ പ്രകാശത്തിന്റെയും സൂചനയാണ്. അനുസരണക്കേടിനാൽ വഴിതെറ്റിപ്പോയ മനുഷ്യകുലം പുത്രനോടുള്ള അനുസരണത്താൽ കാഴ്ചയുടെ നിറവിൽ നിത്യമായി വാഴണം എന്ന സൂചനയാണ് മൂന്നാമത്തേത്.

കാഴ്ച ലഭിക്കുക എന്നത് ദൈവത്തിന്റെ ദാനമാണ്. എന്നാൽ ആ പ്രകാശീകരണത്തിന് മനുഷ്യന്റെ സഹകരണവും പങ്കാളിത്തവും ഉണ്ടാകണമെന്ന പൗരസ്ത്യ ചിന്തയെ ഏറ്റവുമധികം പിന്തുണയ്ക്കുന്ന ഒരു വേദഭാഗമാണിത്. നമ്മുടെയും ജീവിതം പ്രകാശിതം ആകുവാൻ എത്രമാത്രം ദൈവകൽപനകളോട് ചേർന്ന് നിൽക്കുവാൻ നമുക്ക് കഴിയുന്നുണ്ട് എന്ന് ശക്തമായ ഒരു ചോദ്യം ഈ വേദഭാഗം ഉയർത്തുന്നുണ്ട്.

ദൈവാവബോധത്തിന്റെ കൃത്യത കാഴ്ചയുടെ വസന്തം

കുരുടനായ മനുഷ്യൻ കാഴ്ച പ്രാപിച്ചതിനുശേഷം അയാളുടെ ക്രിസ്തുബോധ്യത്തിൽ ഉണ്ടാകുന്ന ഒരു വികാസം ഉണ്ട്. കാഴ്ച പ്രാപിക്കുന്നതിന് മുൻപ് തനിക്ക് വീണ്ടെടുപ്പ് സംഭവിച്ചത് എവിടെ നിന്ന് അയാൾക്ക് അറിയില്ല. എന്നാൽ പിന്നീടുള്ള ചോദ്യം ചെയ്യലിൽ അയാൾ നൽകുന്ന മറുപടികൾ ശ്രദ്ധേയമാണ്.

അന്ധതയിൽ നിന്നും കാഴ്ചയുടെ ലോകത്തേക്കുള്ള ആ മനുഷ്യൻറെ യാത്രയെ അജ്ഞാനത്തിന്റെ അന്ധതയിൽ നിന്നും ശിഷ്യത്വത്തിന്റെ പൂർണ്ണതയിലേക്കുള്ള യാത്രയായി നമുക്ക് വായിച്ചെടുക്കാം. കാഴ്ച പ്രാപിച്ചതിനുശേഷം നാല് തവണ തനിക്ക് കാഴ്ച തന്നത് ആര് എന്ന് ഈ മനുഷ്യൻ വിളിച്ചുപറയുന്നുണ്ട്. തീർത്തും ശ്രദ്ധേയമാണ് ആ മനുഷ്യന് ഉണ്ടാകുന്ന ദൈവ ബോധത്തിന്റെ വികാസം.

“മനുഷ്യൻ” എന്ന് യേശുവിനെ വിളിച്ചു തുടങ്ങുന്ന കാഴ്ച പ്രാപിച്ചയാൾ (9:11 യേശു എന്നു പേരുള്ള മനുഷ്യൻ) അവനെ പ്രവാചകനെന്നും (9:17) അവൻ ഒരു പ്രവാചകൻ എന്നു അവൻ പറഞ്ഞു)ദൈവത്തിന്റെ അടുക്കൽ നിന്ന് വന്നവനെന്നും (9:33) ഏറ്റവും അവസാനം കർത്താവേ (9:38 കർത്താവേ, ഞാൻ വിശ്വസിക്കുന്നു) എന്നും അഭിസംബോധന ചെയ്തു കൊണ്ടാണ് തന്റെ ശിഷ്യത്വത്തെ പ്രകാശിപ്പിക്കുന്നത്.


ജനങ്ങൾ (പുരുഷാരം) എന്നെ ആരെന്ന് പറയുന്നു എന്ന ചോദ്യത്തിന് അവർക്ക് നിന്നെക്കുറിച്ച് പല അഭിപ്രായങ്ങളും ഉണ്ട് എന്നാണ് ശിഷ്യന്മാർ കർത്താവിനോട് പറയുന്നത്. എന്നാൽ നിങ്ങളെന്നെ (ശിഷ്യന്മാർ) ആരെന്നു പറയുന്നു എന്ന് ചോദ്യത്തിന് നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവെന്ന് പത്രോസ് ഉത്തരം പറയുന്നുണ്ട് (മർക്കോസ് 8: 27–30). പുരുഷാരത്തിന്റെ ക്രിസ്തു അവബോധത്തിൽ നിന്നും ഏറെ വികാസം പ്രാപിച്ചതാണ് ഒരു ശിഷ്യന്റെ ക്രിസ്തുബോധം. ജീവിതത്തിൽ ഒരുവൻ പിൻപറ്റുന്നത് ആരെയാണ് എന്ന് കൃത്യമായ തിരിച്ചറിവാണ് അവന്റെ ജീവിതവഴികളെ കൂടുതൽ പ്രകാശിപ്പിക്കുന്നത്. ഒരു അദ്ഭുത പ്രവർത്തകൻ എന്നതിൽ നിന്ന് നീ എന്റെ പിതാവും കർത്താവും ആണെന്ന തിരിച്ചറിവാണ് നമുക്കും ക്രിസ്തുവിനെ കുറിച്ച് ഉണ്ടാകേണ്ടത്. ഇത്തരം വികാസം പ്രാപിച്ച തിരിച്ചറിവ് നമ്മുടെ ജീവിത അനുഭവങ്ങളെ കൂടുതൽ ശോഭയോട് നേരിടുവാൻ നമ്മെ സഹായിക്കും. ഒരുപക്ഷേ ഈ ബോധം ആകും നമ്മെയും നമ്മുടെ അന്ധതയുടെ അവസ്ഥയിൽ നിന്ന് പ്രകാശത്തിന്റെ അനുഭവത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്നത്. ❑

Church Calendar

From Darkness to Light

Sixth Sunday of the Great Lent (Healing The Blind Man)

(St. John 9:1–41)



Philipose Ramban

(Jyothis Ashram, Abu Road, Rajasthan)

The Church observes the first Sunday of the seven Sundays of the Holy Great Lent as Kothine Sunday (the Wedding at Cana) and the seventh Sunday as Hosanna Sunday (Palm Sunday). In the five weeks from the second to the sixth Sunday, we especially remember various healing ministries from the public ministry of our Lord. Among these, there are instances where the sick came to Jesus and pleaded with him, and Jesus, feeling compassion, called and healed them.

However, in today's Gospel portion, we see a style different from the usual. Here, without anyone requesting it, and specifically without the patient himself asking for anything, Jesus grants healing. For the disciples, this person's illness was not a major concern. Instead, what they wanted to know now was the reason why this person was born blind.

In addition to being born blind from the mother's womb, his blindness was of a special kind. That is, he did not have eyes at all. As it is said in the opening prayer of this morning: "You corrected the dark eyes that had no pupils by applying clay, and gave light to him who was blind from his mother's womb." How did he, being blind from birth, become blind because of his sin? Since he was blind from birth, the question of whether he sinned is logically flawed. It is not possible to commit sin before being born. Without thinking too much, they simply asked in the usual manner.

The reason for asking if it was his parents, is based on the belief that children must suffer punishment for the sins of the fathers unto the third and fourth generation (Exodus 34:7). The answer the Lord gives to this is: "Neither this man nor his parents sinned." This does not mean his parents were without sin. Rather, the Lord's intention here is simply that sin is not the cause of this blindness.

There is no need for us to start searching for the cause of every calamity we face. It is also not possible for us to discover the purpose of God's works. Sometimes they may happen for our benefit, sometimes as a test, or sometimes so that the power of God may be revealed.

Our Efforts are Necessary for Blessings

Jesus Christ heals this patient in a distinct way. If He had wanted to, He could have healed this disease with a single word, just as He said, 'Let there be light,' and there was light, or through a simple touch. However, here Christ makes the man a participant in the healing ministry through certain actions.

Christ spits on the ground and makes mud with the saliva. He then anoints the man's eyes with the mud. Applying mud to his eyes must have been intended to help the growth of this blind man's faith, similar to what is mentioned in Mark 7:33. Since this blind man was born without eyes at all, this act proves that He is the same God who created Adam from the dust in the beginning. We know about the medicinal properties of saliva; animals heal their wounds with saliva. Christ performed all these actions. The rest is the action of the human being.

In the beginning, God formed man from the dust without any external prompting and breathed the breath of life into his nostrils. He gave man certain responsibilities. However, man deviated from his responsibilities. When we live in this world, God gives us certain responsibilities and instructions. It is our duty to obey them. Only when we fulfill our duties will God's will be perfected in us.

Christ anointed his eyes with the mud made from saliva. Afterward, He said to him, "Go, wash in the pool of Siloam." He went, washed, and came back seeing (St. John 9:6–7). Healing was received when he showed the readiness to obey Christ's instruction to go to Siloam and wash there. He fully believed in the Lord's words, went, washed, and attained complete healing. Through this, it becomes clear that our own effort is necessary to receive blessings in our lives. When we labor and strive with faith, God will grant us the reward for it.

llumination Through Purification

When Christ told him to go to the pool of Siloam and wash, he went, washed, attained purification, and became illuminated. What happens in the Holy Sacraments is also purification. Through purification, we become children of light. This washing takes place in Holy Baptism and Holy Confession. In Holy Baptism, one is washed with water, whereas in Holy Confession, we wash ourselves with our own tears. By applying the mud, He indicated that He is the Creator from the beginning, and by this washing, He indicates that He is the one who renews the creation. For one to attain salvation, physical birth alone is not enough; a renewed rebirth is necessary. Through these two actions, the blind man attained both spiritual and physical light.

The declaration made by the blind man, who received his sight, to the religious leadership who claimed they had sight, is noteworthy: "One thing I know: that though I was blind, now I see" (St. John 9:25). This knowledge is the greatest insight. This is the insight we must gain through the observance of Lent. The Jewish leaders had physical sight. They also boasted of having internal light. However, had they used their physical sight properly, they could have easily understood that the work they saw was divine. Instead, by hiding behind the knowledge they claimed to possess, they even misused their external vision. He who was physically blind attained both physical and spiritual sight here, while those who had physical sight ended up becoming blind.

To attain spiritual sight, internal purification is necessary. It is through internal purification that we become spiritually illuminated. Because this man became a son of light, he gained the courage to openly declare that the person who gave him sight was certainly a divine being. He spoke with great courage, without fearing the Jewish leaders or authorities. Along with physical sight, he received internal insight and spiritual light. Similar trials may occur in our spiritual lives as well. When trials and sufferings arise, we must be able to see the hands of Christ supporting us at the end of it. Only the eyes of faith can see the face of God hidden in suffering and failure (Hebrews 11:1). Therefore, understanding that this period of Lent is a time to purify and cleanse ourselves, may we be purified through the experience of Holy Confession and thereby become illuminated. ❑

ചേറിലെ ദൈവത്തിന്റെ വിരലുകൾ

ഫാ. അജീഷ് ബാബു

നിക്കോസ് കസന്റ്സാകിസ്, *വീണ്ടും കുരിശിലേറ്റപ്പെട്ട ക്രിസ്തു* എന്ന പുസ്തകത്തിൽ ദൈവത്തെക്കുറിച്ച് പറയുന്ന വരികൾ, ഭയഗ്രസ്ഥരായി ആ സുഹൃത്തുക്കൾ മൂന്നുപേരും തലയും കുമ്പിട്ടിരുന്നു. ഒരു സിംഹത്തെപ്പോലെ ദൈവം തങ്ങളെ വളഞ്ഞിരിക്കുന്നതിന്റെ ഉൾക്കിടിലം. ചിലപ്പോൾ അവനെ ശ്വസിക്കാൻ കഴിയുന്നു. മറ്റു ചിലപ്പോൾ അവന്റെ അലർച്ച കേൾക്കുന്നു. ഇരുട്ടു കീറുന്ന അവന്റെ കണ്ണുകൾ കാണുന്നു.

പാപ്പായ്ക്ക് അവരുടെ വിചാരങ്ങൾ ഊഹിക്കാൻ കഴിയുന്നുണ്ട്.

'കുട്ടികളേ, രാവും പകലും ഒരു കണ്ണ് നമ്മെ കരുതലോടെ കാക്കുന്നുണ്ട്. നമ്മുടെ അന്തരാളത്തിൽ തുറന്നിരുന്നു ശ്രദ്ധിക്കുന്ന ഒരു ചെവിയും, ദൈവം."

മൈക്കിളിസ് അപ്പോൾ കരഞ്ഞു.

"ഭൂമിയിൽ വസിക്കാൻ ദൈവം എങ്ങനെ നമ്മെ അനുവദിക്കും? തന്റെ സൃഷ്ടിയെ സംശുദ്ധമാക്കാൻവേണ്ടി എന്തുകൊണ്ട് അവൻ നമ്മെ കൊന്നുകളയുന്നില്ല?"

"അതോ, മൈക്കിളിസേ, ദൈവം ഒരു കുശവനാണ്, ചേറിൽ പണി യെടുക്കുന്നവൻ... അതുകൊണ്ടു തന്നെ!" പാപ്പാ ഓർമ്മിപ്പിച്ചു.

ദൈവം ഒരു കുശവനാണ്, അവൻ മണ്ണിന്റെ തണുപ്പിൽ കൈകൾ മുക്കുന്നു.

മണ്ണിന്റെ തണുപ്പിൽ കൈകൾ മുക്കുമ്പോൾ ഭൂമിയുടെ ഹൃദയമിടിപ്പ് കേൾക്കാം. അവിടെ അടങ്ങിയിരിക്കുന്ന പഴയ മഴകളുടെ ഗന്ധം, വേരുകളിലൂടെ ഒഴുകിയിരുന്ന നിശ്ശബ്ദ ജീവന്റെ സ്പന്ദനം. പരാജയങ്ങളുടെ ചേറിൽ അവൻ ചക്രം തിരിക്കുന്നു. നമ്മുടെ കണ്ണീർ ചേർന്ന ചേർ അവന്റെ വിരലുകളിൽ. നമ്മൾ തകർന്ന പാത്രങ്ങൾ അല്ല; ഇനിയും പൂർത്തിയാകാത്ത പാത്രങ്ങൾ മാത്രം.

ഗലീലിയിലെ പൊടിപടലങ്ങൾക്കിടയിൽ നടന്ന പാദങ്ങൾ കാഴ്ചയറ്റവന്റെ കണ്ണിൽ മണ്ണ് തേച്ചപ്പോൾ അത് ഒരു അദ്ഭുതം മാത്രമല്ലായിരുന്നു, മണ്ണിൽ നിന്നുണ്ടായവനെ മണ്ണിലൂടെ തന്നെ പുതുക്കുന്ന സ്നേഹത്തിന്റെ ശുശ്രൂഷയായിരുന്നു. 'ചേർ' ദുർബലമാണ്, സ്വയം രൂപം നൽകാൻ കഴിയില്ല. പക്ഷേ അതിന് ഒരു സവിശേഷതയുണ്ട് അതിന് മൃദുത്വം ഉണ്ട്.

ദൈവത്തിന്റെ കയ്യിൽ മൃദുവായ ചേർ മനോഹരമായ പാത്രമാകും; കടുപ്പമുള്ള ചേർ പൊട്ടിപ്പോകും. അതുകൊണ്ട്, ദൈവം കുശവനാണെങ്കിൽ, മനുഷ്യന്റെ ആത്മീയജീവിതം ചേറിന്റെ മൃദുത്വമാണ്.

വിനയം, അനുസരണം, ആത്മപരിശോധന കുശവന്റെ ചക്രത്തിൽ നമ്മെ നിലനിർത്തുന്ന ശക്തികൾ.

മണ്ണിലെ ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത് വളരാൻ മുമ്പ് താഴേക്ക് ഇറങ്ങേണ്ടതുണ്ടെന്ന സത്യമാണ്. വിത്ത് മണ്ണിൽ മറഞ്ഞാൽ മാത്രമേ മുളയ്ക്കാൻ കഴിയൂ. മണ്ണിലേക്കിറങ്ങിയപ്പോൾ മനുഷ്യന്റെ വിധി ഉയരാൻ തുടങ്ങി. അതുകൊണ്ട് മണ്ണ് ഇനി ശവകുടീരമല്ല അത് പ്രത്യാശയുടെ ഗർഭമാണ്. ക്രൂശ് അപമാനത്തിന്റെ ചിഹ്നമല്ല അത് സ്നേഹത്തിന്റെ വേരാണ്.


മണ്ണിൽ തറച്ച ക്രൂശിനടിയിൽ നമ്മുടെ പൊടിപോലുള്ള ജീവിതം പുതിയ അർത്ഥം കണ്ടെത്തുന്നു. മണ്ണിനെ തൊട്ട ദൈവം മണ്ണിനെ തന്നെ മഹത്വപ്പെടുത്തി; പൊടിയെ സ്പർശിച്ച കൈകൾ പൊടിക്ക് അമരത്വത്തിന്റെ സ്വപ്നം നൽകി. ക്രൂശ് പിന്നെ ആ മണ്ണിൽ തറച്ചു.

ആകാശത്തേക്കുയരുന്ന മരം ആയിരുന്നെങ്കിലും അത് നട്ടത് ഭൂമിയുടെ ഹൃദയത്തിലായിരുന്നു. ക്രൂശിന്റെ അടിയിൽ മണ്ണ് രക്തം കുടിച്ചു ആ രക്തം ശാപത്തിന്റെ നിറമല്ല, പുതിയ നിയമത്തിന്റെ ചുവപ്പായിരുന്നു. മണ്ണ് ആ രക്തം സൂക്ഷിച്ചില്ല; അതിനെ വിത്താക്കി.

ക്രൂശ് ഒരു ശിക്ഷാസ്ഥലം മാത്രമല്ല, ഭൂമിയും സ്വർഗ്ഗവും ചേരുന്ന അക്ഷമാണ്. അത് തറച്ചപ്പോൾ മനുഷ്യന്റെ താഴ്മയും ദൈവത്തിന്റെ ഉയരവും ഒരേ രേഖയിൽ എത്തി. മണ്ണിൽ കുത്തിനിന്ന ആ ക്രൂശ് മരണത്തെ താഴേക്കിറക്കി, ജീവനെ മുകളിലേക്ക് ഉയർത്തി.

മണ്ണിലെ അക്ഷരങ്ങൾ:

ആ സ്ത്രീയെ ജനക്കൂട്ടത്തിന്റെ നടുവിൽ നിർത്തി, കല്ലെറിഞ്ഞ് ശിക്ഷിക്കണമെന്നു നിയമം ആവശ്യപ്പെടുമ്പോൾ, യേശു നിശ്ശബ്ദനായി മണ്ണിൽ എഴുതുക



യായിരുന്നു. അവൻ എഴുതി എന്നത് എന്താണെന്നു സുവിശേഷം പറയുന്നില്ല. യേശു നേരിട്ട് വിധി പറഞ്ഞില്ല. അദ്ദേഹം താഴെ കുനിഞ്ഞു. മനുഷ്യരുടെ കഠിനനോട്ടങ്ങളിൽ നിന്ന് കണ്ണ് തിരിച്ച്, മണ്ണിന്റെ തണുപ്പിലേക്ക് കൈ നീട്ടി. അവിടെ ഒരു നിശ്ശബ്ദത ജനിച്ചു മനുഷ്യവിധിയുടെയും ദൈവകരുണയുടെയും ഇടയിലുള്ള ഒരു ഇടവേള. എന്തായാലും, ആ എഴുത്ത് കല്ലുകളേക്കാൾ ശക്തമായിരുന്നു. അത് ഒരു വാക്കുമില്ലാത്ത പ്രഭാഷണം.

"നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം കല്ലെറിയട്ടെ" എന്ന വാക്ക് ഉയർന്നപ്പോൾ, മണ്ണിലെ എഴുത്ത് അവരുടെ ഹൃദയങ്ങളിൽ പതിഞ്ഞു. കല്ലുകൾ നിലത്തുവീണു. കുറ്റാരോപകർ ഒന്നൊന്നായി പിന്മാറി. മണ്ണിന്റെ തണുപ്പ് കൈകളിൽ തൊട്ടു. മനുഷ്യരുടെ കഠിനഹൃദയങ്ങൾക്കു പകരം ഭൂമിയുടെ മൃദുത്വം തിരഞ്ഞെടുത്തു.

മണ്ണിൽ എഴുതിയ വിധി കല്ലിൽ കൊത്തിയതല്ല. അത് നശ്വരമായ മണ്ണിൽ എഴുതി കാരണം മനുഷ്യരുടെ ശിക്ഷകൾ നശ്വരമാണ്; ദൈവത്തിന്റെ കരുണ മാത്രം ശാശ്വതം. മണ്ണ് നമ്മുടെ ഉറവിടം.

മണ്ണിലേക്കാണ് നമ്മൾ മടങ്ങുക.

അതിനാൽ മണ്ണിൽ എഴുതിയ കരുണ, നമ്മുടെ സ്വഭാവത്തെ ഓർമ്മിപ്പിക്കുന്ന ഒരു വിളിയാണ് നാം വിധിക്കാൻ ജനിച്ചവർ അല്ല; നാം കരുണിക്കപ്പെടേണ്ടവരും, കരുണിക്കേണ്ടവരുമാണ്. മണ്ണിൽ എഴുതിയ ആ അക്ഷരങ്ങൾ ഇന്നും കാറ്റിൽ പറക്കുന്നു. ഓരോ കല്ല് ഉയരുമ്പോഴും, ഓരോ ന്യായവിധി ഉരുവിടുമ്പോഴും,

അവ വീണ്ടും ചോദിക്കുന്നു: നിന്റെ കൈയിൽ കല്ലാണോ?


അല്ലെങ്കിൽ മണ്ണിൽ എഴുതുന്ന കരുണയോ? ❑




സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെ വൈദികർക്കായി സംഘടിപ്പിച്ച വാർഷിക ധ്യാനയോഗം നിർമ്മലഗിരി അരമനയിൽ നടന്നു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസിന്റെ അദ്ധ്യക്ഷത വഹിച്ചു. സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ധ്യാനം നയിച്ചു.



രാജസ്ഥാൻ JJT സർവകലാശാലയിൽ നിന്ന് നഴ്സിംഗിൽ Ph.D നേടിയ റൂബി എം. രാജ്. ഇളങ്ങാട്ട് വീട്ടിൽ രാജു - മറിയാമ്മ ദമ്പതികളുടെയും മകളാണ്. കല്ലട വലിയപള്ളി ഇടവകാംഗം.



പുസ്തകം



സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ: ക്രിസ്തുവിന്റെ ഉപമകളിലൂടെ

ഡേവിഡ് ദാനിയേൽ

വിശ്വമഹാഗുരുവായ യേശുക്രിസ്തു തന്റെ പഠിപ്പിക്കലുകളിൽ ഉപമ ഉപയോഗിച്ചു. യേശുക്രിസ്തുവിൻറെ ഗിരിപ്രഭാഷണ കാലഘട്ടങ്ങളിൽ തൻറെ ലാവണ്യവാക്കുകൾ കേൾക്കാൻ വരുന്ന ജനസമൂഹത്തോട് അവിടുന്നു ഉപമകളിലൂടെ സംവദിച്ചു. യേശുവിൻറെ ഉപദേശങ്ങളിൽ ഉപയോഗിച്ച ഉപമകളുടെ സാംഗത്യം എന്താണ് എന്ന് ലളിതമായി ഈ ഗ്രന്ഥം അന്വേഷിക്കുന്നു.

പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം. ഫോൺ: 7012270083

വില: 250 രൂപ

